# അഭയം – 2016

വാർഷികപ്പുസ്തകം

അഭയം-2016
വാർഷികപ്പുസ്തകം

പ്രസാധക
എ.ആർ. സിന്ധു (മാനേജിംഗ് ട്രസ്റ്റി)

ചീഫ് എഡിറ്റർ
അഡ്വ. ഗിരീഷ് എസ്. നായർ
(പ്രസിഡന്റ്, അഭയൻ സ്മാരകേന്ദ്രം ട്രസ്റ്റ്)

വർക്കിംഗ് എഡിറ്റർ
അർജുൻരാജ് പാലാഴി

പത്രാധിപസമിതി
ബി. സുനിൽ (സെക്രട്ടറി)
അവനി എം.
ടി.എസ്. ബാബുരാജ്
പി.എസ്. രാജേഷ്
അശ്വിൻ രാജ്
രാഹുൽ പ്രസാദ്
അമൽ ജി കൃഷ്ണ

കവർ
അളക കാവല്ലൂർ

അച്ചടി
കളർവിഷൻ, കാഞ്ഞിരപ്പള്ളി

അഭയൻസ്മാരകകേന്ദ്രം ട്രസ്റ്റ്
രജിസ്റ്റർ നമ്പർ 3/14 Bk No.4
സാവിത്രി വീട്, പാട്ടുപാറ, പൊൻകുന്നം പി.ഒ.
കോട്ടയം - 686 506
ഫോൺ: 04828 -223920, 9495637757

e-mail: mailtoabhayan@gmail.com
website: www.abhayansmarakakendram.org

Not for sale : free of cost

# ആമുഖം

അഭയൻസ്മാരകകേന്ദ്രം, അതിന്റെ രൂപീകരണസമയത്ത് നാം ഉദ്ദേശിച്ച വഴിയേ തന്നെയാണ് കഴിഞ്ഞ വർഷങ്ങളിൽ മുമ്പോട്ടു നീങ്ങിയത്. അഭയൻ സൃഷ്ടിച്ചെടുത്ത വിശാലമായ സുഹൃദ് വലയം കണ്ണിപൊട്ടാതെ കാക്കാനും, അവരോടൊപ്പം ചേർന്ന് ബന്ധുക്കളും നാട്ടുകാരുമായ നരവധിയാളുകളുടെ സഹകരണത്തോടെ സാമൂഹികവും സാംസ്കാരികവുമായ ഇടപെടലുകൾ നടത്താനും കഴിഞ്ഞു.

ഈ പ്രവർത്തനങ്ങൾക്ക് തുടർച്ച കണ്ടെത്തുകയും, കുറച്ചുകൂടി കാര്യക്ഷമമാക്കുകയുമാണ് നാം ഇനി ചെയ്യേണ്ടത്. കലാ-സാംസ്കാരിക-സാമൂഹിക-രാഷ്ട്രീയ-വിദ്യാഭ്യാസ-മാധ്യമ മേഖലകളിൽ അഭയൻ നടത്തിയ പ്രവർത്തനങ്ങളും അഭയന്റെ സംഭാവനകളും ശ്രദ്ധേയമായിരുന്നു. ഈ മേഖലകളിൽ തന്നെയാണ് ASK ന്റെ പ്രവർത്തകരും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ പ്രവർത്തനങ്ങളിൽ വരും ദിവസങ്ങളിൽ കൂടുതലാളുകളുടെ പങ്കാളിത്തമുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. അഭയം – 2016 അത്തരം ചർച്ചകൾക്കുള്ള വേദി കൂടിയാണ്.

ഈ പ്രസിദ്ധീകരണം ‘അഭയം-2015’ ൽ നടത്തിയ സെമിനാറുകളുടെ രേഖനമാണ്.

അഭിവാദ്യങ്ങളോടെ,

ചീഫ് എഡിറ്റർ



# അഭയൻ

സാമൂഹ്യശാസ്ത്രപഠിതാവും
സജീവ ഗ്രന്ഥശാല പ്രവർത്തകനും
കലാപ്രവർത്തകനും
ആയിരുന്നു.

ജനനം : 1991 നവംബർ 11

ചരമം : 2013 മെയ് 27

# അഭയൻ സ്മാരക കേന്ദ്രം (ASK)

അഭയന്റെ വേർപാടിനെ തുടർന്ന്
2013 സെപ്റ്റംബർ 14 ന് പ്രവർത്തനം ആരംഭിച്ചു.
2015–ൽ അഭയൻ സ്മാരകകേന്ദ്രം ട്രസ്റ്റ് എന്ന പേരിൽ രജിസ്റ്റർ ചെയ്തു.

സമൂഹത്തെ മാനവീകരിക്കാനുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങളിൽ പങ്കുചേരുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്നു.

Abhayan
Smaraka
Kendram

ഭാഗം 1

# പ്രഭാഷണങ്ങൾ

(അഭയം – 2015 ൽ അതിഥികൾ നടത്തിയ
പ്രഭാഷണങ്ങളുടെ സംക്ഷിപ്ത രൂപം)

# ചരിത്രത്തിന്റെ അപകടങ്ങൾ

- ഡോ. രാജൻ ഗുരുക്കൾ

(2015 ജൂൺ 13-ന് അഭയൻ അനുസ്മരണസമ്മേളനത്തിൽ നടത്തിയ പ്രഭാഷണം)

ചരിത്രം പരിശോധിച്ചാൽ നമുക്ക് ഒരു കാര്യം മനസ്സിലാവും -ഒട്ടുമിക്ക കലാപങ്ങളും ഉണ്ടായിട്ടുള്ളത് വളച്ചൊടിച്ച ചരിത്രരചനയിലൂടെയാണ്.

ചരിത്രപരമായി സാധുതയില്ലാത്ത കാര്യങ്ങൾ വളരെ വൈകാരികമായ രീതിയിൽ അവതരിപ്പിച്ചാൽ, ജനങ്ങളിലെ വികാരം ആളിക്കത്തിച്ച് വേർതിരിവുകൾ സൃഷ്ടിക്കാനും അതുവഴി സമൂഹത്തെ വിഘടിതമായ അവസ്ഥയിലേക്ക് നയിക്കാനും കഴിയും. ഇങ്ങനെ സംജാതമാവുന്ന വിഭാഗീയതയെ വീണ്ടും ചരിത്രവത്കരിച്ച്, അതിന് വലിയ പഴക്കം സൃഷ്ടിക്കുകയാണ് പതിവ്. ഇങ്ങനെ പരമ്പരാഗതമായ ചില പകയും വിദ്വേഷവുമൊക്കെ ബോധപൂർവ്വം സൃഷ്ടിക്കുന്നതാണ് സമൂഹത്തിൽ കലാപങ്ങൾക്കും ലഹളകൾക്കുമൊക്കെ, കാരണമായി മാറുന്നത്. ഈ വിഷയത്തെയാണ് ഇന്ത്യാചരിത്രത്തിന്റെ പശ്ചാത്തലത്തിൽ 'ചരിത്ര




ത്തിന്റെ അപകടങ്ങൾ' അഥവാ ചരിത്രരചനമൂലമുണ്ടാവുന്ന വിപത്തുകൾ എന്ന നിലയിൽ ഞാൻ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്.

ഇത് ഇന്ത്യയിലെ മാത്രം പ്രശ്നമല്ല. ലോകത്തിലെ എല്ലാ സമൂഹ ങ്ങളുടെയും അവസ്ഥ ഇതു തന്നെയാണ്. ലോകമെങ്ങും മത– സാമൂഹിക സങ്കുചിതവികാരം ഉദ്ദീപിപ്പിച്ചുകൊണ്ട് കലാപങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പലപ്പോഴും കലാപത്തിൽ പങ്കെടുക്കുന്നവർ വളച്ചൊടിച്ച ചരിത്രഭാഷ്യം സത്യമാണെന്ന് മനസ്സിലാക്കി ഇളകിമറിഞ്ഞവരാണ്. ഇന്നും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വംശീയത അപകടകരമായ ഒരു വികാരമായി നില നിൽക്കുന്നു. സാമ്പത്തികവും അധികാരപരവുമായ ലക്ഷ്യങ്ങൾക്കുവേണ്ടി ചരിത്രത്തെ വളച്ചൊടിക്കുന്നതാണ് ഇത്തരം വൈകാരിക പ്രശ്നങ്ങളിലേക്ക് സമൂഹത്തെ കൊണ്ടുചെന്നെത്തിക്കുന്നത്. എപ്പോഴൊക്കെ ചരിത്രം മാറ്റി യെഴുതേണ്ടി വന്നിട്ടുണ്ടോ, അപ്പോഴൊക്കെ പരമ്പരാഗതമായി നിലനിന്നു പോന്നിരുന്ന അധികാരവ്യവസ്ഥയിലും സമ്പദ്രൂപങ്ങളിലും മാറ്റങ്ങൾ വന്നി ട്ടുണ്ടാവും.

അതുപോലെതന്നെ മാറ്റം ക്രമാനുഗതമല്ലെങ്കിൽ, സാധാരണക്കാ രന് വേഗം മനസിലാക്കാവുന്ന തരത്തിലല്ല മാറ്റം സംഭവിക്കുന്നതെങ്കിൽ അവിടെയും വളച്ചൊടിച്ച ചരിത്രഭാഷ്യം കടന്നുവരും. ചരിത്രത്തിന് അന്യാ യത്തെ ന്യായീകരിക്കാനും അധർമ്മത്തെ ധാർമികമാക്കാനും നീചത്വത്തെ നന്മയാക്കിമാറ്റാനും അപ്രധാനമായതിനെ മഹത്വവത്ക്കരിക്കാനുമൊക്കെ സാധിക്കും.

ഓരോ കാലത്തും ചരിത്രം മാറ്റിയെഴുതപ്പെട്ടുകൊണ്ടിരിക്കും. സാമ്പത്തികവും അധികാരസംബന്ധവുമായ വർത്തമാനകാല ആവശ്യങ്ങൾക്കനുസരിച്ചാവും പലപ്പോഴും ആ മാറ്റം സൃഷ്ടിച്ചെടുക്കുക. പുതിയ തെളിവുസാമഗ്രികൾ ലഭിക്കുന്നതിനനുസരിച്ചും പുതിയ സൈദ്ധാന്തികമായ ഉൾക്കാഴ്ച സാധ്യമാവുന്നതിനനുസരിച്ചുമാണ്, ചരിത്രം മാറ്റിയെഴുതപ്പെടുന്നതെന്നാണ് പൊതുവായ ധാരണ. അത് ഒരു വശം. ചരിത്രരചനയ്ക്ക് ഒരു അടിസ്ഥാനസിദ്ധാന്തമുണ്ടായിട്ട് കഷ്ടിച്ച് ഒരു നൂറ്റാണ്ട് കഴിഞ്ഞിട്ടേ ഉള്ളൂ. പല ചരിത്രകാരന്മാരും സാധാരണ അത് ഉപയോഗിക്കാറുമില്ല. അങ്ങനെയൊരു സിദ്ധാന്തമുണ്ടെന്ന് അറിഞ്ഞുകൂടാത്തവർ ഇപ്പോഴുമുണ്ട്. കുറെയാളുകൾ ഇങ്ങനെയൊരു പദ്ധതിയുണ്ടെന്ന് മനസ്സിലാക്കിയത് 1848 ലാണ്.

1848 ൽ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ (Communist manifesto) പ്രസിദ്ധപ്പെടുത്തി. കമ്മ്യൂണിസ്റ്റ് ലീഗിന്റെ പ്രവർത്തകർ അവരുടെ പാർട്ടിപ്രവർത്തനത്തിന് ഒരു അടിസ്ഥാനപ്രമാണം ആവശ്യമാണെന്നു പറഞ്ഞപ്പോഴാണ് മാർക്സും ഏംഗൽസും കൂടി ചർച്ചചെയ്ത് കമ്മ്യൂണിസ്റ്റ്ലീഗിന്റെ 2-ാം കോൺഗ്രസ്സിൽ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ അവതരിപ്പിച്ചത്. ചരിത്രപരമായ ഭൗതികവാദം എന്നതാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ അവതരിപ്പിക്കപ്പെട്ട സിദ്ധാന്തം. അങ്ങനെ ഒരൊറ്റ സിദ്ധാന്തം മാത്രമെ ചരിത്രരചനയ്ക്ക് ഉള്ളൂ. ആ സിദ്ധാന്തം Critique of Political Economy എന്ന ഗ്രന്ഥത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ളതാണ്. അതിൽ പിന്നീട് പല കൂട്ടിച്ചേർക്കലുകളും തിരുത്തലുകളുമൊക്കെ ഉണ്ടായിട്ടുണ്ട്.

മൂലധനം (Thus Capital) പ്രസിദ്ധപ്പെടുത്തിയപ്പോൾ, അതിലെ മൂന്നാം വോള്യത്തിലാണ് ‘ Prime necessities' എന്ന സുപ്രധാന സൈദ്ധാന്തികവശം അവതരിപ്പിച്ചത്. അതുപ്രകാരം സമൂഹത്തിലുണ്ടാവുന്ന സംഘർഷങ്ങളൊക്കെത്തന്നെ വർഗ്ഗസംഘർഷങ്ങളായിരിക്കും. ചരിത്രം വർഗ്ഗസംഘർഷങ്ങളുടെ ചരിത്രമാണ്. ഒരു ഉദ്പാദനവ്യവസ്ഥ അതിൽ ഉൾച്ചേർന്നിട്ടുള്ള വൈരുദ്ധ്യങ്ങൾ മൂർച്ചിക്കുന്നതനുസരിച്ച് സംഘർഷാത്മകമായ രീതിയിൽ തിരോഭവിക്കുകയും പുതിയ ഒന്ന് രൂപം കൊള്ളുകയും ചെയ്യും. ഇങ്ങനെ പുതിയതായി രൂപംകൊള്ളുന്ന ഉദ്പാദനവ്യവസ്ഥയ്ക്കും വൈരുദ്ധ്യങ്ങൾ ഉള്ളതുകൊണ്ട് വൈരുദ്ധ്യങ്ങളുടെ ക്രമാനുഗതമായ വികാസപരിണാമങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കും. അതാണ് ചരിത്രം. അതിൽ ഏറ്റവും പ്രധാനം വർഗ്ഗസംഘർഷങ്ങളാണ്.

സമൂഹത്തിൽ നടക്കുന്ന ഏതൊരു മാറ്റത്തിന്റെയും അടിത്തട്ടിൽ ഭൗതികതലത്തിലുള്ള സംഘർഷാത്മകമായ പ്രക്രിയകളായിരിക്കാം എന്നാണ് ഈ സിദ്ധാന്തം ഉറപ്പിച്ച് പറയുന്നത്. എന്നാൽ, അതിന്റെ പ്രത്യക്ഷഭാവങ്ങൾ ഈ സാമ്പത്തികമോ ഭൗതികമോ ആയ തലം എടുത്തുകാണിക്കുന്നതാവണമെന്നില്ല ചിലപ്പോഴത് പ്രത്യക്ഷമാവും. പക്ഷേ, പല

പ്പോഴും അത് വിവിധ സാംസ്ക്കാരികരൂപങ്ങൾക്ക് ചേർന്ന രീതിയിൽ അപ്രത്യക്ഷമായി നിൽക്കുകയേ ഉള്ളൂ. അപ്രത്യക്ഷമെന്നു പറയുമ്പോൾ തന്നെ, അത് സംസ്ക്കാരത്തിന്റെ വൈകാരികവശങ്ങളെ പുറമേയ്ക്ക് ശക്തമായ രീതിയിൽ അവതരിപ്പിയ്ക്കുകയും അതിനെ ഒരു കവചം പോലെ ഉപയോഗിക്കുകയും ചെയ്യും. സമൂഹത്തിലുള്ള പ്രധാന സംഘർഷങ്ങൾക്കെല്ലാം ഈ സാംസ്ക്കാരികമൂടുപടം ഉണ്ടായിരിക്കും. ആ സാംസ്ക്കാരിക മൂടുപടത്തെ രീതിശാസ്ത്രപരമായി അപഗ്രഥിച്ചു കഴിയുമ്പോൾ മാത്രം മനസിലാക്കാൻ കഴിയുന്നതായിരിക്കും ഈ സംഘർഷത്തിന് പിന്നിൽ പ്രവർത്തിക്കുന്ന സാമ്പത്തികവും അധികാരസംബന്ധവുമായ കാരണങ്ങൾ.

ഈ സിദ്ധാന്തമറിയാത്ത ഒരു ചരിത്രകാരനെ സംബന്ധിച്ചിടത്തോളം പ്രത്യക്ഷങ്ങളുടെ വിവരണാത്മകമായ അവതരണമാവും ചരിത്രം. പ്രത്യക്ഷമായതിന്റെ വിവരണമല്ല, പരോക്ഷമായതിന്റെ അപഗ്രഥനാത്മകമായ കണ്ടെത്തലുകളും സൈദ്ധാന്തികമായ വ്യാഖ്യാനങ്ങളുമാണ് ശാസ്ത്രീയ ചരിത്രരചന നടത്തുന്നയാൾ ചെയ്യുന്നത്. പ്രത്യക്ഷത്തിൽ കാണുന്നതല്ല ചരിത്രം. അത് അപ്രത്യക്ഷമാണ്. വിശദമായ അപ്രഗ്രഥനത്തിന് വിധേയമാക്കേണ്ട കാരണങ്ങൾ ഓരോ സംഭവത്തിനും പിന്നിലുണ്ടാവും അവയെ സൈദ്ധാന്തിക വിശകലനത്തിന് വിധേയമാക്കുമ്പോഴേ, അവ എങ്ങനെ കലാപങ്ങളും സംഘർഷങ്ങളും ലഹളകളുമൊക്കെയായി പൊരുത്തപ്പെടുന്നുവെന്ന് മനസ്സിലാവൂ.

ഏത് പ്രധാനപ്പെട്ട പ്രവർത്തനത്തിന് പിന്നിലും ലഹളയുണ്ടാവും കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളൊന്നും പഠിച്ചിട്ടില്ലായിരുന്ന ഭാസ്ക്കരനുണ്ണി എന്നയാൾ '19-ാം നൂറ്റാണ്ടിന്റെ ചരിത്രം' എന്ന പേരിൽ ആ നൂറ്റാണ്ടിന്റെ തുടക്കം, മുതലുള്ള രേഖകൾ ശേഖരിച്ച് പ്രസിദ്ധപ്പെടുത്തി. പല ലഹളകളെക്കുറിച്ചും കലാപങ്ങളെക്കുറിച്ചും അദ്ദേഹം എഴുതിവരികയാണ്. മാറുമറയ്ക്കൽ സമരം, മുക്കൂത്തി സമരം, കായൽ സമ്മേളനം, ക്ഷേത്രപ്രവേശന സമരം തുടങ്ങിയ സമരങ്ങൾ പെട്ടെന്ന് ഒരു വെളിപാടുപോലെ അദ്ദേഹം പറയുകയാണ്. "ഹാ ലഹളേ, നീ തന്നെ പരിഷ്കർത്താവ്' ഓരോ മാറ്റത്തിനു പിന്നിലും ലഹളകളുണ്ടെന്നു മനസ്സിലാക്കിയ ഭാസ്ക്കരനുണ്ണി ലഹളയെ കാണുന്നത് പരിഷ്ക്കർത്താവായാണ്.

ഓരോ ലഹളക്കു പിന്നിലും ലഹള മുന്നോട്ടുവയ്ക്കുന്ന ചില കാരണങ്ങളുമുണ്ടാവുമെന്നതാണ് ചരിത്രം. വളച്ചൊടിക്കപ്പെടാൻ കാരണം. മതപരമായ കാരണങ്ങളാണ് അതിനു പിന്നിലെന്ന് പെട്ടെന്നു തോന്നുമെങ്കിലും യഥാർത്ഥത്തിൽ അത്തരം ലഹളകൾക്കുപിന്നിലെ കാരണങ്ങൾ അതാവില്ല. ഒരു ന്യൂനപക്ഷത്തിന്റെ സാമ്പത്തികവും അധികാരപരവുമായ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അണികളെ സജ്ജരാക്കുന്നതിനായി ഇത്തരം കലാപങ്ങളെ ഒരു ഉപകരണമാക്കി മാറ്റാറുണ്ട്. വംശീ

യതയും ജാതീയതയുമൊക്കെ പറഞ്ഞ് അണികളെ വൈകാരികമായി ഇളക്കി മറിക്കാം. കലാപത്തിൽ പങ്കെടുക്കുന്നവർക്ക് ഇതൊരിക്കലും മനസ്സിലാവില്ല. തങ്ങളുടെ വിശ്വാസം അപകടപ്പെട്ടിരിക്കുന്നു, Identity തകരാറിലായിരിക്കുന്നു. വംശശുദ്ധിക്ക് കളങ്കം വന്നിരിക്കുന്നു. എന്നൊക്കെ മാത്രമാണ് അവർ മനസ്സിലാക്കുക ചരിത്രം എന്ന രീതിയിൽ കള്ളം പറഞ്ഞും പ്രചരിപ്പിച്ചുമാണ് അവരിലേക്ക് ഈ വികാരങ്ങൾ കടത്തിവിടുന്നത്.

ഇതിനെ സാധൂകരിക്കുന്ന നിരവധി ഉദാഹരണങ്ങൾ ഇന്ത്യാ ചരിത്രത്തിൽത്തന്നെയുണ്ട്. അർതർ ഡി ബോബിലോൺ (1816–1882) എന്ന ഫ്രഞ്ച് നോവലിസ്റ്റ് 'An Essay on the inequality of human Races എന്ന ഒരു പുസ്തകം പ്രസിദ്ധീകരിച്ചു ആ പുസ്തകമാണ് ശാസ്ത്രീയമായ വംശീയത' (Scientific Racism) എന്ന ആശയം ആദ്യം മുമ്പോട്ടു വയ്ക്കുന്നത്. അതുപ്രകാരം മനുഷ്യവംശങ്ങൾ സിദ്ധികളുടെയും കഴിവുകളുടെയും തലത്തിൽ അസന്തുലിതങ്ങളാണ്. ചില മനുഷ്യ വർഗ്ഗങ്ങൾ വലിയ കഴിവുള്ളതാണെങ്കിൽ മറ്റു ചിലത് അതിന് വിപരീതമായ അവസ്ഥയിലുള്ളതാണ്. അതുകൊണ്ടുതന്നെ വംശപരിശുദ്ധി സംരക്ഷിക്കുക എന്നത് പ്രധാനമാണ്. ബോബിലോൺ ആര്യന്മാരെക്കുറിച്ചാണ് പറയുന്നത്. കെൽറ്റുകളും സ്ലാവുകളും ജർമ്മാനിക് ട്രൈബുകളും ചേർന്ന വെള്ളക്കാരുടെ ഒരു പരിശുദ്ധ വംശമാണ് യൂറോപ്പിന്റെ വലിയ സംസ്ക്കാരത്തിനു പിന്നിൽ വർത്തിക്കുന്നത്. അവരുടെ ധിഷണാശേഷിയാണ് സംസ്ക്കാരത്തെ മുമ്പോട്ടു നയിക്കുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ചരിത്രത്തിലെ ഓരോ വലിയ സംസ്ക്കാരത്തിന്റെയും പിന്നിലുള്ളത് ഇത്തരം ചില നരവംശങ്ങളുടെ കഴിവാണ്. വലിയ സാമ്രാജ്യങ്ങളുണ്ടാവുമ്പോൾ ഈ വംശപരിശുദ്ധി തകരുമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

വിവിധ വംശങ്ങളെ കൂട്ടിച്ചേർത്തുള്ള വലിയ സാമ്രാജ്യങ്ങൾ വംശസംസ്ക്കാരത്തിനു ഇടനൽകുകയും അത് വംശപരിശുദ്ധി നശിപ്പിക്കുമെന്നും അഭിപ്രായപ്പെട്ട അദ്ദേഹം അത്തരത്തിൽ കൊളോണിയലിസത്തിനും സാമ്രാജ്യത്വത്തിനും എതിരായിരുന്നു. ബോബിലോൺ ഒരിടത്തും ജൂതാന്മാർക്കെതിരായി ഒന്നും തന്നെ പറയുന്നില്ല അവരെ വംശശേഷിയുള്ള പ്രതിഭാശാലികളുടെ കൂട്ടമെന്ന് അദ്ദേഹം വിശേഷിപ്പിക്കുന്നുമുണ്ട്. പക്ഷേ, അക്കാലത്ത് പ്രബലരായിത്തീർന്ന ജർമ്മനിയും ഹിറ്റ്ലറും നാസിസ്റ്റുകളും അവർക്കാവശ്യമായ രീതിയിൽ ബോബിലോണിന്റെ സിദ്ധാന്തത്തെ പരിഷ്ക്കരിച്ചു നാസികൾ മുഴുവൻ ബോബിലോണിന്റെ സിദ്ധാന്തത്തിനു പിന്നാലെ പോയി എന്ന് അതിനർത്ഥമില്ല. ഹിറ്റ്ലർ പോലും ഇതിൽ അടിയുറച്ചു വിശ്വസിച്ചിരുന്നുവെന്ന് ഞാൻ കരുതുന്നില്ല. ബോബിലോണിന്റെ സിദ്ധാന്തത്തെ വളച്ചൊടിച്ച് അവരുടെ അധീശത്വമുറപ്പിക്കുന്നതിനുള്ള ഒരു

Knwoledge -base ആക്കി മാറ്റുകയാണ് അവർ ചെയ്തത്. ജനങ്ങളെ വൈകാരികമായി ഇളക്കിമറിക്കാൻ അവർ ഇതിനെ ബുദ്ധിപൂർവ്വം ഉപയോഗിച്ചു. ജർമ്മനിയിൽ നാസിസവും യൂറോപ്പിന്റെ പല ഭാഗത്തും ഫാസിസവും പ്രബലമായിത്തീരാൻ വഴിവച്ചത് അവരുടെ ഈ തന്ത്രമാണ്.

യഥാർത്ഥത്തിൽ 'ആര്യൻ' എന്ന വാക്ക് ഒരു വംശത്തെ ഒരു കാലത്തും സൂചിപ്പിച്ചിരുന്നില്ല. ' Aryan speaking people എന്ന് പറയാറുണ്ടായിരുന്നു. യഥാർത്ഥത്തിൽ ആര്യൻ എന്നത് ഒരു ഭാഷയാണ് ആര്യൻ എന്ന വാക്കിന് 'ശ്രേഷ്ഠൻ' എന്ന അർത്ഥമൊക്കെ പിന്നീട് ഉണ്ടായതാണ്. ആര്യഭാഷ സംസാരിക്കുന്നവരിൽ കറുത്തവർഗ്ഗക്കാരും വെളുത്തവർഗ്ഗക്കാരുമുണ്ട്. അതുപോലെതന്നെ ദ്രാവിഡഭാഷകളിലും ഇരുവിഭാഗവുമുണ്ട്. അഫ്ഗാനിസ്ഥാനിലെ സ്രാഹു എന്ന പ്രദേശത്ത് വെള്ളക്കാർ ദ്രാവിഡഭാഷയാണ് സംസാരിക്കുന്നത്. ആര്യർ എന്നാൽ വെളുത്തവർഗ്ഗക്കാരെന്നും ദ്രാവിഡർ എന്നാൽ കറുത്തവർഗ്ഗക്കാരെന്നുമൊക്കെയുള്ള ധാരണ ബോബിലോണിന്റെ പുസ്തകത്തിന്റെ ഭാഗമാക്കി പ്രചരിപ്പിച്ചതാണ്.

ചരിത്രപരമായി ഇത് നൂറുശതമാനം തെറ്റാണ് പക്ഷേ അതിനെ ചരിത്രമാക്കി മാറ്റുകയും ജനങ്ങൾ അതിനെ അവരുടെ അറിവിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്യുമ്പോൾ അവരിൽ വൈകാരികമായ ഒരു ഊർജ്ജമുണ്ടാവും. വൈകാരികമായി അവർ ഇളകിമറിയുന്നത്, അത് അവരുടെ അസ്ഥിത്വവുമായി ബന്ധപ്പെട്ടതുകൊണ്ടാണ് അസ്ഥിത്വവുമായി ബന്ധപ്പെടുത്തി ഒരു Identity സൃഷ്ടിക്കുമ്പോൾ അത് സ്വത്വമായി മാറുന്നു. സ്വത്വത്തെ ചരിത്രവത്ക്കരിക്കുന്നതുകൊണ്ടുമാത്രമാണ് അത് സ്വതേ ഉള്ള അവസ്ഥ എന്നു വരുന്നത്. സ്വത്വം ഒരു കാരണവശാലും സ്വഭാവികമല്ല അത് നിർമ്മിതമാണ്. പലപ്പോഴും അത് നിർമ്മിക്കപ്പെടുന്നത് തെറ്റായ ചരിത്രവ്യാഖ്യാനങ്ങളിലൂടെയാണ്.

പക്ഷേ അത് എളുപ്പം മറികടക്കാനാവാത്തവിധം രൂഢമൂലമാകുന്നതുകൊണ്ടാണ് സ്വത്വത്തെയും അംഗീകരിക്കേണ്ടതുണ്ടെന്ന് പറയുന്നത്. പലപ്പോഴും സംഘട്ടനത്തിന് മറ്റൊന്നുമില്ലാത്തവരെ സംബന്ധിച്ചിടത്തോളം സ്വത്വം പ്രധാനപ്പെട്ടതാണ്. ദളിതരുടെ കാര്യത്തിലും സ്ത്രീകളുടെ കാര്യത്തിലുമൊക്കെ നമുക്കിത് കാണാം. അതിനർത്ഥം അത് ചരിത്രപരമായി ശരിയാണെന്നല്ല പക്ഷേ അതിനെ ചരിത്രപരമായി ന്യായീകരിക്കാവുന്നതാണ്. കാരണം, സാമ്പത്തിക-വർഗ്ഗ -വ്യത്യാസങ്ങളെ മറികടക്കുന്ന രീതിയിൽ സമാനമായ സ്ഥിതിവിശേഷങ്ങളുണ്ടാവുകയും, അവ പരിഹരിക്കേണ്ടത് ആവശ്യമായി വരികയും ചെയ്യുമ്പോൾ മാർക്സ് പറയുന്ന വർഗ്ഗവ്യത്യാസങ്ങളെ മുറിച്ചു കടക്കുന്നതിനാവശ്യമായ ഐക്യം ആവശ്യമായി വരും. അങ്ങനെയുള്ള ഐക്യം സൃഷ്ടിക്കുന്നതിനാവശ്യമായ ഒരു Organizing Principle അഥവാ ഒരു ഉപകരണമെന്ന നിലയിലാണ് സ്വത്വം

അവരുടെ കാര്യത്തിൽ പ്രവർത്തിക്കുന്നത്.

ലോകമെമ്പാടും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ വംശീയ പ്രശ്നങ്ങൾ ഉണ്ടാവുന്നുണ്ട്. റുവാണ്ടൻസും ബാർക്കുവെൻസും തമ്മിൽ, ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ കുക്കീസും നാഗാസും തമ്മിൽ, അസമിൽ ബോഡോകളും മറ്റുവിഭാഗങ്ങളും തമ്മിലൊക്കെ ഇത്തരം പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. സോഷ്യോളജിസ്റ്റുകൾ ഇത്തരം പ്രശ്നങ്ങളെ Ethnic Hyperethnic എന്നൊക്കെ പറഞ്ഞ് തരംതിരിക്കാറാണ് പതിവ്. അസമിലെ പ്രശ്നം തന്നെയെടുത്താൽ അസമിൽ ഉണ്ടായിരുന്ന ആദിവാസിവിഭാഗങ്ങളുടെ സ്വതസിദ്ധമായ ജീവിതശൈലിയും കൊളോണിയൽ കാലത്ത് അങ്ങോട്ടു കുടിയേറിയവരുടെ താത്പര്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യമാണ് പ്രശ്നങ്ങൾക്ക് കാരണമായത്. അതിനെ അത്തരത്തിൽ കാണാതെ Ethnic എന്നും Hyperethnic എന്നുമൊക്കെ വിശേഷിപ്പിച്ച് പ്രശ്നത്തെ സമീപിച്ചാൽ, ജനങ്ങളെ വീണ്ടും ഇളക്കിമറിക്കാനേ അത് ഉപകരിക്കൂ. അവർക്ക് വിവേകമാണ് ഉണ്ടാവേണ്ടതെങ്കിൽ ഒരു നിർമമത്വം ആവശ്യമാണ് ചരിത്രത്തെ നാം ഒരിക്കലും വൈകാരികമായി സമീപിച്ചു കൂടാ. അത്തരം സമീപനങ്ങളാണ് പ്രശ്നങ്ങൾക്ക് കാരണം.

ഇന്ത്യയുടെ ചരിത്രവുമായി ബന്ധപ്പെട്ടും ചില അപകടകരമായ തെറ്റിദ്ധാരണകളുണ്ട്. അവ ഇന്നും ചരിത്രാദ്ധ്യാപകർക്ക് ക്ലാസ് മുറികളിൽ തിരുത്താൻ സാധിക്കാറില്ല അത്രമാത്രം പുസ്തകങ്ങൾ ഈ തെറ്റായ വസ്തുതകളെ ഉറപ്പിക്കുന്ന തരത്തിൽ പുറത്തിറക്കിയിട്ടുണ്ട്.

**ചരിത്രത്തിന്റെ അപകടങ്ങൾ ഇന്ത്യാചരിത്രത്തിൽ**

ഇന്ത്യാ ചരിത്രത്തിലെ ഏറ്റവും തെറ്റായ വസ്തുതകളിലൊന്ന് ഹിന്ദു- മുസ്ലിം വിഭാഗീയതയുമായി ബന്ധപ്പെട്ടുള്ളതാണ്. യഥാർത്ഥ ചരിത്രവസ്തുതകൾ പരിശോധിച്ചാൽ 19-ാം നൂറ്റാണ്ടുവരെ മതസ്പർദ്ധയും വിഭാഗീയതയും ഉള്ള തരത്തിൽ രണ്ട് മതങ്ങളായി ഹിന്ദുമതവും ഇസ്ലാംമതവും നിന്നിരുന്നില്ല എന്ന് വ്യക്തമാവും സാംസ്കാരികമായ ഒരു വേർതിരിവ് ഈ വിഭാഗങ്ങൾക്കിടയിൽ അതുവരെ ഉണ്ടായിരുന്നില്ല. പക്ഷേ, ഇതു പറഞ്ഞാൽ ഇന്ന് ആളുകൾ വിശ്വസിക്കില്ല. കാരണം, ചരിത്രപാഠപുസ്തകങ്ങൾ ജനങ്ങളെ പഠിപ്പിച്ചിട്ടുള്ളത് അറബികളുടെ സിന്ധ് അക്രമണം മുതൽ തുടങ്ങുന്നതാണ് മുസൽമാൻമാരുടെ അക്രമണമെന്നാണ്.

ഹിന്ദു- മുസ്ലിം വിഭാഗീയതയും ഇവർതന്നെ ഉപയോഗിച്ചിരുന്ന സാമുദായിക പ്രധാനങ്ങളായ പ്രയോഗങ്ങളും ഉണ്ടായിരുന്നുവെന്നത് ചരിത്രപരമായ ശരിയല്ല. വളരെ പ്രധാനപ്പെട്ട പല ചരിത്ര രേഖകളിലും 'ഹിന്ദു' എന്ന വാക്കുതന്നെ ഉപയോഗിച്ചിരുന്നത് ഒരു മതവിഭാഗത്തെ സൂചിപ്പിക്കാനായിരുന്നില്ല. സിന്ധിലെ കച്ചവടക്കാർ' എന്ന അർത്ഥത്തിലാണ് ബ്രിട്ടീഷുകാരുടെ കാലംവരെ ആ വാക്ക് ഉപയോഗിച്ചിരുന്നത്.

അലാവുദ്ദീൻ ഖിൽജിയുടെ ഭരണപരിഷ്ക്കാരങ്ങളുടെ ഭാഗമായി നടപ്പാക്കിയ നിയമങ്ങളൊക്കെയും ഹിന്ദുക്കൾക്കെതിരായിരുന്നുവെന്ന് ചരിത്ര പാഠപുസ്തകങ്ങളിൽ കാണാം. യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ പരിഷ്കാരങ്ങളൊന്നും തന്നെ സാധാരണക്കാരായ ജനങ്ങളുമായി ബന്ധപ്പെട്ടുള്ളതായിരുന്നില്ല.

സിന്ധിലെ കച്ചവടക്കാരെയാണ് അവിടെ അദ്ദേഹം കൈകാര്യം ചെയ്തത്.. കച്ചവടമേഖലയിൽ കുത്തകസ്ഥാപിക്കുന്നതിനുള്ള നിയമങ്ങളാണ് അദ്ദേഹം നടപ്പാക്കിയിരുന്നത്. ആ പശ്ചാത്തലത്തിൽ മാർവാടി, ബനിയ എന്നൊക്കെ പറയുന്നതുപോലെ ഒരു കച്ചവടജാതിയായാണ് സിന്ധിലെ കച്ചവടക്കാരെ 'ഹിന്ദു' എന്ന് വിളിച്ചിരുന്നത്. മുഗൾഭരണകാലത്തും സമാനമായ രീതിയിലാണ് 'ഹിന്ദു' എന്ന പദം ഉപയോഗിച്ചിരുന്നത്. പേർഷ്യയിൽ നിന്നും അഫ്ഗാനിൽ നിന്നും ഇറാനിൽ നിന്നുമൊക്കെ വന്ന കച്ചവടക്കാരിൽ നിന്നും വേർതിരിക്കാൻ ഇവിടെത്തന്നെയുണ്ടായിരുന്ന സിന്ധിലെ കച്ചവടക്കാരെ 'ഹിന്ദു' എന്ന് വിശേഷിപ്പിക്കുകയാണുണ്ടായത്.

ഇതുപോലെ തന്നെയാണ് 'മുസ്ലിം' എന്ന പദവും 13-ാം നൂറ്റാണ്ടിനുശേഷം മാത്രമേ മുസല്മാന്മാരെ 'മുസ്ലിം' എന്ന പദംകൊണ്ട് വ്യവഹരിക്കുന്നുള്ളൂ. അതുവരെ 'മുസ്ലിം' എന്നൊരു വാക്കില്ല. 'യവനർ' 'മ്ലേഛർ' 'തുലൃഷ്കർ' എന്നൊക്കെയുള്ള പേരുകളിലായിരുന്നു. അവരെ വിശേഷിപ്പിച്ചിരുന്നത്. അത് 'ശാകന്മാർ എന്നൊക്കെ പറയുംപോലെ ഒരു വിഭാഗം എന്ന അർത്ഥത്തിൽ മാത്രമാണ് ഉപയോഗിച്ചിരുന്നത് ഒരു മതത്തിൽപ്പെടുന്നവർ എന്ന അർത്ഥത്തിൽ അതുവരെ ഒരു പ്രയോഗമുണ്ടായിരുന്നില്ല.

ഇതൊക്കെ ഇന്ന് ജനങ്ങളോട് പറഞ്ഞു മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്. കാരണം, അവർ പഠിച്ചതും അവരെ പഠിപ്പിച്ചതും അതല്ല. എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിക്കാമെന്ന അവസ്ഥയിലേക്ക് സമൂഹത്തെ മാറ്റിയെടുക്കാൻ ഇങ്ങനെ വളച്ചൊടിച്ച ചരിത്രരചനയ്ക്ക് സാധിച്ചിട്ടുണ്ട്. ഗൗരവത്തിൽ ചരിത്രം പഠിക്കാൻ അവസരം കിട്ടും മുൻപേ നമ്മുടെ വിദ്യാർത്ഥികളൊക്കെ എൻജിനീയർമാരും ഡോക്ടർമാരുമൊക്കെ ആയി മാറും. പത്താം ക്ലാസ്സ് കഴിഞ്ഞാൽ ഭൂരിഭാഗം കുട്ടികൾക്കും ചരിത്രം പഠിക്കാൻ അവസരമുണ്ടാവുന്നില്ല. എന്നുള്ളതും ഒരു പ്രശ്നമാണ്. ഒരുപാട് അറിവു നേടുന്നവർക്കും അങ്ങനെയാണ് തിരിച്ചറിവില്ലാതെ പോകുന്നത്. കലാപങ്ങളുടെ മുൻനിരയിൽ ഇവരുമുണ്ടാവും.

മുസൽമാന്മാർ മാത്രം ഉപയോഗിച്ചുപോരുന്ന ഒരു വാക്കാണ് 'കാഫിർ' എന്നത് അത് 'ഹിന്ദു'ക്കൾക്കെതിരെ ഉപയോഗിക്കുന്ന ഒരു പ്രയോഗമെന്നാണ് പൊതുവായ ധാരണ. എന്നാൽ വസ്തുത അതല്ല 1399 ൽ തൈമൂറിന്റെ നരഹത്യയുടെ കാലത്ത് ഏതാണ്ട് 2 ലക്ഷത്തോളം

മുസൽമാന്മാർ കൊല്ലപ്പെട്ടു. എന്തിനാണ് മുസൽന്മാനായ താങ്കൾ ഇത്രയധികം മുസൽന്മാൻമാരെ കൂട്ടക്കൊല ചെയ്തത് എന്ന് മതപണ്ഡിതരായ ഉലേമകൾ അദ്ദേഹത്തോട് ചോദിച്ചു. 'അവരൊക്കെയും ഖലീമ ചൊല്ലുന്ന കാഫിറുകളാണ്" എന്നായിരുന്നു അദ്ദേഹം നൽകിയ മറുപടി. അദ്ദേഹം 'കാഫിർ' എന്ന പദം അവിടെ ഉപയോഗിച്ചത് മുസൽന്മാൻമാർക്കെതിരെ തന്നെയായിരുന്നു.

ബാബർ ചക്രവർത്തിയെ ഇവിടെയുണ്ടായിരുന്ന ഉലേമകൾ 'കാഫിർ' എന്ന് പരാമർശിച്ചിരുന്നു. 17,18 നൂറ്റാണ്ടുകളിൽ ഗോൽക്കൊണ്ട, ബീജാപുർ, അഹമ്മദ്നഗർ എന്നിവിടങ്ങളിലൊക്കെയുണ്ടായിരുന്ന ഷിയ വിശ്വാസികളെ കാഫിറുകൾ എന്ന് സുന്നികൾ വിശേഷിപ്പിച്ചിരുന്നു.ഇങ്ങനെ നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാറുണ്ട്.

ഹിന്ദുക്കൾ അവരുടെ രാജാക്കന്മാരെ ഈശ്വരൻ, അധീശ്വരൻ, ഭട്ടാരകൻ എന്നൊക്കെയുള്ള വാക്കുകൾകൊണ്ടാണ് വിശേഷിപ്പിച്ചിരുന്നതെന്നും മുസൽമാന്മാർ അവരുടെ ഭരണാധികാരികളെ 'സുൽത്താൻ' എന്നു വിളിച്ചിരുന്നുവെന്നുമാണ് പൊതുവായ മറ്റൊരു തെറ്റിദ്ധാരണ. മുസൽന്മാൻമാരായ ഗുജറാത്തിലെ സുൽത്താൻ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് 'ഗുൽജര അധീശ്വര' എന്നാണ്. അതുപോലെ മാൾവയിലെ ഒരു രാജാവായിരുന്ന റാണകുംഭൻ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് 'സുരത്രാണൻ' എന്നാണ് സുൽത്താൻ എന്ന വാക്കിനെ സംസ്കൃതവൽക്കരിച്ചതാണ് ഈ വാക്ക്. മതപരമായ വേർതിരിവ് ഇത്തരം കാര്യങ്ങളിലൊന്നും ചരിത്രത്തിൽ കണ്ടെത്താനാവില്ല.

ഡൽഹി സുൽത്താന്മാരെയും അഫ്ഗാൻ ഭാഗത്തുനിന്നുവന്ന അക്രമകാരികളെയുമൊക്കെ 'മുസ്ലിം' എന്ന വാക്ക് ഉപയോഗിച്ച് നമ്മുടെ പാഠപുസ്തകങ്ങളിൽ പോലും വിശേഷിപ്പിക്കാറുണ്ട്. അവർ ക്ഷേത്രങ്ങൾക്ക് തീയിട്ടു, ആക്രമിച്ചുകൊള്ളയടിച്ചു എന്നൊക്കെയാണ് പറയാറ്. ആക്രമിച്ചില്ല എന്നല്ല ഞാൻ പറയുന്നത് ആക്രമിച്ചിട്ടുണ്ട് പക്ഷേ, അത് മതപരമായിരുന്നില്ല.

ഏറ്റവും വലിയ മതപരമായ പക്ഷപാതം പുലർത്തിയിരുന്ന മുഗൾ രാജാവായി വിശേഷിപ്പിക്കുന്നത് ഔറംഗസേബിനെയാണ്. അദ്ദേഹം ഹിന്ദുക്കളെ പീഡിപ്പിച്ചുവെന്നു പറയുമ്പോൾ 80% ഇനാം ഔറംഗസേബ് ചിലവിട്ടിരുന്നതും സൈന്യത്തിലെ രജപുത്രർക്കു വേണ്ടിയായിരുന്നു എന്ന വസ്തുത നാം മറന്നുകൂടാ. 33 ഓളം ക്ഷേത്രങ്ങൾക്ക് അദ്ദേഹം ഇനാമായി വർഷം തോറും പണം നീക്കിവച്ചിരുന്നു. ഔറംഗസേബ് ഉൾപ്പെടെയുള്ള ഒരു മുഗൾ രാജാക്കന്മാരും സ്മാരകങ്ങൾ ഒഴികെയുള്ള വലിയ പള്ളികൾ ഒരിടത്തും പണിതിട്ടില്ല. അവരുടെയൊന്നും നയങ്ങൾ മതത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല.

മധ്യകാലത്തോടെ മുഗളന്മാരാണ് ഇന്ത്യയുടെ സംസ്കാരവും സമ്പത്തുമൊക്കെ നശിപ്പിച്ചതെന്ന് വാദിക്കുന്നവരുണ്ട്. മധ്യകാലത്തിന് മുൻപ് ഇവിടെയുണ്ടായിരുന്നതൊക്കെ ശ്രേഷ്ഠമായിരുന്നതാണത്രേ. രാമായണം ചരിത്രമായി പഠിപ്പിക്കണമെന്ന് വാദിക്കുന്നവരുമുണ്ട്. അവർ ഏത് രാമായണമാണ് പഠിപ്പിക്കേണ്ടതെന്നുകൂടി പറയണം. ഏതാണ്ട് 327 ഓളം രാമകഥകൾ ഉണ്ട്. മഹാഭാരതമെടുത്താൽ അതിൽ വാമൊഴി വഴക്കമുണ്ട്. അതിനെ സാഹിത്യമാക്കി മാറ്റുമ്പോൾ പല കാര്യങ്ങളും കൂട്ടിച്ചേർത്തിട്ടുണ്ട്. അതിലൊക്കെപണ്ഡിതോജിതമായ മാറ്റങ്ങളാണ് പിന്നീട് വരുത്തുന്നത്. ഇങ്ങനെയൊക്കെയുള്ള മാറ്റങ്ങൾ സംഭവിച്ച ഇതിഹാസത്തെ ഇന്നത്തെ ശാസ്ത്രീയചരിത്ര രചനയുടെ പശ്ചാത്തലത്തിൽ ചരിത്രമായി കാണാൻ നമുക്കാവില്ല. പക്ഷേ അതുപറഞ്ഞാൽ, അതു പറയുന്നത് ഒരു മുസൽമാനായാൽ ഇവിടെ കലാപമുണ്ടാവുകയാണ്.

മുസ്ലീം-ഹിന്ദു എന്ന വ്യത്യാസമായിരുന്നില്ല പണ്ട് പ്രധാനം. മതത്തേക്കാൾ ജാതിയായിരുന്നു പ്രശ്നം. ഉയർന്ന ജാതിയിലുള്ള അന്യമതസ്ഥരെ അഷറഫ്മാരായ മുസൽമാൻമാർക്ക് തുല്യമായിരുന്നു കണ്ടുപോന്നിരുന്നത്. അടുത്തകാലം വരെ അലിഗഢ് യൂണിവേഴ്സിറ്റിയിലെ ഹോസ്റ്റലിലും സമാനമായ സ്ഥിതി നിലനിന്നിരുന്നു. അവിടെ താഴ്ന്ന ജാതിക്കാർ ഒരു ഹോസ്റ്റലിലും, ഉയർന്ന ജാതിക്കാരായ ഹിന്ദുക്കളും മുസ്ലീങ്ങളും മറ്റൊരു ഹോസ്റ്റലിലുമായിരുന്നു താമസിച്ചിരുന്നത്. ജാതിയാണ് ഇവിടെയൊക്കെ പ്രധാനം. പണ്ടും മന്ദിറിൽ പോവുന്നയാളാണോ മസ്ജിദിൽ പോവുന്നയാളാണോ എന്നതായിരുന്നില്ല പ്രധാനം. ഹിന്ദു-മുസ്ലീം ഭരണാധികാരികൾ ഒരു പോലെ കാര്യമാക്കിയിരുന്നത് ജാതി മാത്രമായിരുന്നു. ഈ തിരിച്ചറിവ് ഉണ്ടായിരുന്നുവെങ്കിൽ വെറും റൂമറുകളുടെ പേരിൽ പൊട്ടിപ്പുറപ്പെട്ട പല കലാപങ്ങളും ഒഴിവാക്കാമായിരുന്നു.

രജപുത്രരെ വലിയ ഹൈന്ദവ-പ്രതീകമായാണ് പൊതുവേ അവതരിപ്പിക്കുന്നത്. എന്നാൽ, അവർ ജാതിയോ മതമോ നോക്കിയായിരുന്നില്ല അവരുടെ കർത്തവ്യം നിർവ്വഹിച്ചിരുന്നത്. പദവിയായിരുന്നു അവർക്ക് പ്രധാനം. 1622 ൽ ഖുറം രാജകുമാരൻ അദ്ദേഹത്തിന്റെ അച്ഛനെതിരെ കുറേ ആളുകളെ സംഘടിപ്പിച്ച് ഒരു പ്രക്ഷോഭമുണ്ടാക്കി. കൊട്ടാരത്തിലെ പലരും അന്ന് ഖുറം രാജകുമാരനെ കണ്ടത് ഭാവി ഭരണാധികാരി എന്ന നിലയിലാണ്. കലാപമുയർത്തി രാജകുമാരൻ മുന്നേറിയപ്പോൾ ഭവ്യതയോടെ മാറിനിൽക്കുകയാണ് അവർ ചെയ്തത്. കൊട്ടാരത്തിലെത്തിയ ഖുറം രാജകുമാരൻ, ഭണ്ഡാരം സൂക്ഷിപ്പുകാരനായ കാശ്മീരി പണ്ഡിറ്റ് രാമനോട് ഭണ്ഡാരത്തിന്റെ താക്കോൽ കൈമാറാൻ ആവശ്യപ്പെട്ടു. പക്ഷേ, അദ്ദേഹത്തിന്റെ മറുപടി രാജകുമാരനെ ഞെട്ടിച്ചു. ഇറാനികളും ഖുറാനികളുമായ പല പട്ടാളക്കാരും അടുത്ത ചക്രവർത്തിയായ ഖുറം രാജകുമാരന്

വഴിയൊരുക്കി മാറിനിന്നപ്പോൾ, നെഞ്ചു നിവർത്തി കാശ്മീരി പണ്ഡിറ്റായ ഭണ്ഡാരം സൂക്ഷിപ്പുക്കാരൻ പറഞ്ഞത് “ഇപ്പോൾ ഭരണാധികാരി ഹുമയൂണാണ്, എന്റെ ജീവൻ പോയാലും ഭണ്ഡാരത്തിന്റെ താക്കോൽ അദ്ദേഹത്തിനു മാത്രമേ കൈമാറൂ” എന്നാണ്. പിന്നീട് ഖുറം രാജകുമാരൻ ഭരണാധികാരിയായപ്പോൾ, പണ്ട് തന്നെ സഹായിച്ച ഇറാനികളും ഖുറാനികളുമായ പട്ടാളക്കാരെ ‘വിശ്വസിക്കാൻ കൊള്ളാത്തവർ’ എന്നു പറഞ്ഞ് പിരിച്ചുവിടുകയാണ് ചെയ്തത്. കാശ്മീരി പണ്ഡിറ്റായ രാമൻ ഭണ്ഡാരത്തിന്റെ താക്കോൽ കൈമാറാൻ വന്നപ്പോൾ “ ഈ താക്കോൽ താങ്കളുടെ കൈയ്യിൽ സുരക്ഷിതമാണ്” എന്നുപറഞ്ഞ് അദ്ദേഹത്തെ കൊട്ടാരത്തിൽ നിലനിർത്തുകയും ചെയ്തു. ഖുറം രാജകുമാരൻ.

മതമായിരുന്നില്ല, അധികാരമായിരുന്നു അന്നത്തെ ഭരണാധികാരികൾക്കൊക്കെ പ്രധാനം. മതപരമായ വ്യത്യാസങ്ങളൊക്കെ ഉയർന്നുവന്നത് മധ്യകാലഘട്ടത്തിലാണെന്ന തെറ്റായ ചരിത്രം നമ്മളിലേക്ക് അടിച്ചേൽപ്പിച്ചതാണ്. അപകടകരമായ ആ ചരിത്രത്തെ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി തിരുത്താൻ ശ്രമിച്ചാൽ അതും വിലപ്പോവാത്ത അവസ്ഥയാണുള്ളത്.

ഹിന്ദുക്കളുടെ പ്രതീകമായി ഇന്ന് അവതരിപ്പിക്കുന്നത് ശിവജിയെ ആണ്. ദീർഘകാലം മുഗൾ ചക്രവർത്തിക്കുവേണ്ടി പൊരുതി ഒടുവിൽ പുരന്തർ വ്യവസ്ഥയിൽ കുടുക്കി ശിവജിയെ തകർത്തത് ഒരു മുസൽമാൻ ആയിരുന്നില്ല, രാജാ ജയിൽസിംങ് എന്ന ഹൈന്ദവനായിരുന്നു. ശിവജി ഏറ്റവും വലിയ പോരാട്ടം നടത്തിയത് ഔറംഗസേബിനെതിരെ ആയിരുന്നു. ഔറംഗസേബിന്റെ സൈന്യത്തിന്റെ ശക്തിയാവട്ടെ, രജപുത്രവിഭാഗവും ആയിരുന്നു. അവിടെ യഥാർത്ഥത്തിൽ യുദ്ധമുണ്ടായത് രജപുത്രരും രജപുത്രരും തമ്മിലാണ്.

മറുവശത്ത്, ജനങ്ങൾ ശിവജിയെ കണ്ടിരുന്നത് ചനത്ത് പിരിക്കാൻ വരുന്ന ഭീകരൻ എന്ന നിലയിലായിരുന്നു. അത് സുൽത്താനാണോ റാണയാണോ എന്ന് ജനങ്ങൾക്ക് അറിയില്ലായിരുന്നു. ജാതിയും മതവുമായിരുന്നില്ല അവിടെയും വിഷയം.

അക്ബർ ഒഴികെയുള്ള മുഗൾ ഭരണാധികാരികൾ മുഴുവൻ വർഗ്ഗീയവാദികളായിരുന്നുവെന്ന തെറ്റായ ചരിത്രമാണ് പ്രചരിച്ചുപോരുന്നത്. അക്ബർ ‘ദിൻ-ഇലാഹി’ എന്ന ഒരു മതത്തിനുതന്നെ രൂപം നൽകി എല്ലാ മതങ്ങളും ഒന്നാണെന്ന സൂഫി ചിന്തകളാണ് അദ്ദേഹം പ്രചരിപ്പിച്ചിരുന്നത്. മതാതീതമായ രാജകീയതകൊണ്ടുമാത്രമേ അത്ര വലിയ ഒരു സാമ്രാജ്യത്തെ മുമ്പോട്ടുനയിക്കാനാവൂ എന്ന് അദ്ദേഹം മനസ്സിലാക്കിയിരിക്കണം. അങ്ങനെ ഉൾക്കാഴ്ചയുള്ള ഒരു ഭരണാധികാരി എന്നതിനപ്പുറത്തേക്ക്, സർവ്വമത സമഭാവനയുള്ള ഒരു സെക്കുലർ അവതാരമായൊന്നും അദ്ദേ

ഹത്തെ കാണണ്ട ആവശ്യമില്ല- രാജാതീതമായ മതബോധം ഒരാളിലും കാണാനാവില്ല. എന്നാൽ മതാതീതമായ രാജകീയത എല്ലാവരിലും കാണാം. ഔറംഗസീബിന്റെ കാര്യത്തിൽ പോലും ഇത് ഉണ്ട്. അദ്ദേഹത്തിന്റെ മൊത്തം ജമയുടെ 80% വും രജപുത്രർക്കുള്ള ജാഗിറുകളുടെ രീതിയിലാണ് അദ്ദേഹം വിതരണം ചെയ്തിരുന്നത്. 33 മന്ദിറുകൾക്ക് ഇനാം വക സഹായം ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ശത്രുരാജ്യത്തെ ആക്രമിക്കുന്ന കൂട്ടത്തിൽ അദ്ദേഹം ക്ഷേത്രങ്ങൾ കൊള്ളയടിച്ചിട്ടുണ്ടാവാം. ഇങ്ങനെയൊക്കെയുള്ള ചരിത്രത്തെ വൈകാരികമായി സമീപിക്കുന്നതാണ് എപ്പോഴും പ്രശ്നം.

ആദിൽഷായുടെ രംഗപുരിയിൽ ഖതനകൾ ചൊല്ലിയിരുന്ന മുസൽമാൻമാർ പാടിയിരുന്നത് ശ്രീരാമനെ സ്തുതിക്കുന്ന ഗീതങ്ങളായിരുന്നു. ഒരു ഉലേമ ഇതിനെതിരെ പ്രശ്നമുണ്ടാക്കിയിട്ടില്ല. അത് പൊറുത്തുകൂടാത്ത ഉലേമകളുണ്ടെങ്കിൽ അങ്ങോട്ടു വരേണ്ടതില്ല എന്ന സമീപനമായിരുന്നു ആദിൽഷായ്ക്ക്. അദ്ദേഹത്തിന് സംഗീതമായിരുന്നു പ്രധാനപ്പെട്ടത്.

ദക്ഷിണേശ്വരത്ത് ഒരു ഹനുമാൻ പ്രതിഷ്ഠയുണ്ട്. ഈ ഹനുമാൻ പക്ഷേ, ഗോമാംസം ഭക്ഷിക്കും. അത് നിസ്ക്കരിക്കുകയും ചെയ്യും. അവിടെയുള്ളവരുടെ മുഴുവൻ പ്രാർത്ഥനാരീതി നിസ്ക്കാരമാണ്. അവരുടെയിടയിലുള്ള ഒരു ആരാധന സങ്കല്പമാണിത്. കേരളത്തിൽത്തന്നെ നിരവധിയിടങ്ങളിൽ നാടൻ സംസ്കാരത്തിന്റെ ഭാഗമായി ഹിന്ദുക്കളും മുസൽമാൻമാരും ഒരുമിച്ച് ആരാധനയിലേർപ്പെടുന്നുണ്ട്.

എന്റെ കുട്ടിക്കാലത്ത്, വളരെ യാഥാസ്ഥികമായ ചുറ്റുപാടിൽ രാവിലെ കുളിച്ച് പൂജ കഴിഞ്ഞ്, ചെവിയിൽ തുളസി കതിരുവച്ച് ചന്ദനം തൊട്ടാണ് ഞാൻ സ്കൂളിലേയ്ക്ക് പോയിരുന്നത്. കൂടെ അയലത്തെ ഹമീദും ഉണ്ടാവും. എന്നെ കണ്ടാലുടൻ ഹമീദ് ഓടിവന്ന് ഒരു നുള്ള് ചന്ദനമെടുത്ത് അവന്റെ നെറ്റിയിലും ചാർത്തും. ഇത് കണ്ടുനിന്നിരുന്ന അവന്റെ ഉമ്മയ്ക്ക് യാതൊരു പ്രശ്നവും ഉണ്ടായിരുന്നില്ല.

ഞങ്ങളുടെ ഗ്രാമത്തിൽ വേനൽക്കാലത്ത് പാടങ്ങളിൽ ഭ്രാന്തൻനായയുടെ ആക്രമണം പതിവായിരുന്നു. ഇരിങ്ങലെ ഭഗവതിക്ക് നേർച്ച കൊടുത്താൽ നായ കടിക്കില്ല എന്നൊരു വിശ്വാസമുണ്ടായിരുന്നു. ഹമീദിന്റെ ഉമ്മയും ഇത് വിശ്വസിച്ചിരുന്നു. അതിൽ ജാതിയും മതവും ഉണ്ടായിരുന്നില്ല.

ചരിത്രപാഠപുസ്തകങ്ങൾ പറയുന്ന ഹിന്ദു-മുസ്ലീം വർഗ്ഗീയത സാധാരണക്കാരെ ഒട്ടും ബാധിച്ചിരുന്നില്ല. അവർ എപ്പോഴും ജാതിയുടെയും അയിത്തത്തിന്റെയുമൊക്കെ കീഴിലായിരുന്നു. മതപരമായ ഒരു വിഭാഗീയത അവർക്ക് ഉണ്ടായിരുന്നില്ല.

# നദിയെ പിന്തുടരുക

- ഫാ. ബോബി ജോസ് കട്ടികാട്

ഒരാൾക്ക് ഒരു നദിപോലെ ജീവിച്ച് കടന്നുപോവാനാകും. 'വിശ്വസിക്കുന്നവന്റെ ചങ്കിൽ നിന്നും നദി ഒഴുകും' എന്ന് പറയാറുണ്ട്. വിശ്വാസം എന്തിലുമാവാം. അത് കലയിലും സംഗീതത്തിലുമാവാം. എന്തിലുമാവാം. സ്വയം നദിയായി മാറാൻ നമുക്കാവണം. അങ്ങനെ നദിയായി മാറിയ ഒരു യുവാവിന്റെ ഓർമ പുതുക്കുന്ന സന്ദർഭമാണിത്. ഓർമ്മകൾ കാത്തുസൂക്ഷിക്കുക എന്നതാണ് ലോകത്തിലെ ഏറ്റവും വലിയ സാംസ്കാരിക പ്രതിരോധം. സമൂഹത്തിന്റെ ഓർമ്മ (Public Memory) വളരെ ചെറുതാണ്. അരണയുടേതുപോലെയാണ് സമൂഹത്തിന്റെ ഓർമ്മ പ്രവർത്തിക്കുന്നത്. സ്വന്തം പരിസരത്ത് അഭയന്റെ ഓർമകളെ സജീവമാക്കി നിർത്താൻ അഭയന്റെ സുഹൃത്തുക്കളും ബന്ധുജനങ്ങളും ശ്രമിക്കണം. അഭയനെയും മാഗിയെയും ക്ലിന്റിനെയും പോലെ പേരറിയാതെ ആയിരക്കണക്കിന് മനുഷ്യർ നദിപോലെ ജീവിച്ചു കടന്നുപോയിട്ടുണ്ട്. അവരുടെ ഓർമ്മകളിലൂടെ കൂടുതൽ നന




വുള്ള ജീവിതം നമുക്ക് സാധ്യമാവട്ടെ.

നമ്മൾ ഒഴുകുന്ന നദികളാണോ എന്ന് നമുക്കുതന്നെ പരിശോധിക്കാം. ഒന്നാമതായും നിങ്ങൾ ജീവിക്കുന്ന ഒരാളാവണം. ലാറ്റിൻ അമേരിക്കൻ സാഹിത്യത്തിൽ കടന്നുവരുന്ന ഒരു നഗരമുണ്ട്. അത് മരിച്ചവരുടെ നഗരമാണ്. ശ്വസനമല്ല, ചലനമാണ് ജീവിക്കുന്നു എന്നതിന്റെ അടയാളം. എത്രപേർ ചലിക്കുന്നുണ്ട്? വല്ലാതെ മടുത്തുപോവുന്ന മനുഷ്യരെ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഗുർജിഫ് എന്നുപറയുന്ന ഒരു റഷ്യൻ മിസ്റ്റിക് ഉണ്ട്. അദ്ദേഹത്തിനൊപ്പം ഒരിക്കൽ ഒരു ചെറുപ്പകാരൻ കുറച്ചു നാൾ പാർത്തു. ഒരു ദിവസം ഗുർജിഫ് ചെറുപ്പക്കാരനോട് ചോദിച്ചു- “നിനക്ക് നീ വന്ന നഗരം കാണണ്ടേ?”

‘വേണം’ എന്നായിരുന്നു ഉത്തരം. അദ്ദേഹം ആ ചെറുപ്പക്കാരനേയുംകൂട്ടി നടന്നു. നഗര മധ്യത്തിലെത്തിയപ്പോൾ ‘ഇതാ കണ്ടോളു’ എന്ന് പറഞ്ഞു. ചുറ്റിനും നോക്കിയ യുവാവ് ഉച്ചത്തിൽ നിലവിളിച്ചു. എന്നിട്ട് പറയുകയാണ് ‘ഇത് മരിച്ചവരുടെ നഗരമാണ്’ എന്ന്. മരിച്ചവർ സീബ്രാ ലൈൻ ക്രോസ് ചെയ്യുന്നു, മരിച്ചവർ സൂപ്പർമാർക്കറ്റിലൂടെ നടന്നു നീങ്ങുന്നു, മരിച്ചവർ വണ്ടിതള്ളുന്നു..... ക്വാളിറ്റി എക്സിസ്റ്റൻസ് എന്നൊരു കാര്യമുണ്ട്. എം.ടി. വാസുദേവൻ നായർ ജ്ഞാനപീഠപുരസ്ക്കാരം ഏറ്റുവാങ്ങിയ ശേഷം നടത്തിയ ഒരു പ്രസംഗമുണ്ട്. ദൈവം തന്നോട് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് എന്തുവേണ്ടമെന്ന് ചോദിച്ചാൽ ‘ജീവസ്സുറ്റ ജീവിതം’ വേണമെന്നാവും തന്റെ ഉത്തരമെന്നു പറഞ്ഞാണ് എം.ടി പ്രസംഗം അവസാനിപ്പിച്ചത്. നമുക്കും നാം ജീവിച്ചിരിക്കുന്നു എന്ന് ബോധ്യപ്പെടുത്തേണ്ട ബാധ്യതയുണ്ട്. മരിച്ചവർ മരിച്ചവരെ അടക്കം ചെയ്യുന്ന സമൂഹമാണ് ഇത്.

വളരെ നാളുകൾക്ക് ശേഷം ഒരു തെരുവുനാടകം കണ്ടു. അതിൽ രാവിലെ മുതൽ അദ്ധ്വാനിക്കുന്ന യുവാക്കൾ ഉച്ചായായപ്പോഴേക്കും മടുത്തു തളർന്നിരിക്കുന്നു അപ്പോൾ, സൈക്കിൾ യജ്ഞം നടത്തിവന്നിരുന്ന വൃദ്ധനായ ഒരാൾ കടന്നുവന്നിട്ട് അവരോട് പറയുകയാണ് "മടുക്കരുത്.... മടുപ്പ് മരണമാണ്....."

ഒരാൾ നദിയാണോ എന്നു കണ്ടെത്താൻ, രണ്ടാമതായിട്ട് ഉണ്ടാവേണ്ടത് സമചിത്തതയാണ്. നദി എല്ലാത്തിനേയും സ്വീകരിച്ചാണ് ഒഴുകിമാറുന്നത്. പൂജാപുഷ്പങ്ങളേയും മൃതശരീരങ്ങളേയും നദി ഒരു പോലെ സ്വീകരിക്കുന്നു. ജീവിതത്തിലുണ്ടാവുന്ന അനുഭവങ്ങളേയും സമചിത്തതയോടെ സമീപിക്കാൻ കഴിഞ്ഞാൽ അത് വലിയകാര്യമാണ്. സന്തോഷം മാത്രമാവില്ല നമ്മെ കാത്തിരിക്കുക. ചിലപ്പോൾ ചതി, ഒറ്റ്, ഉറ്റവരുടെ വിയോഗം, എന്നിവയൊക്കെ നേരിടേണ്ടിവന്നേക്കാം. അവിടെ വേണ്ടത് സമചിത്തതയാണ്.

കാഴ്ചപാടുകളിലെ വ്യത്യാസംകൊണ്ട് ജീവിതത്തിൽ വലിയ മാറ്റങ്ങൾ സംഭവിക്കാം. ബുദ്ധിവികാസമില്ലാത്ത ഒരു കുഞ്ഞിനെ ഒരാൾക്ക് ലഭിച്ചു എന്ന് കരുതുക. പ്രത്യേക പരിചരണം ആവശ്യമുള്ള ഒരു കുഞ്ഞിനെ പരിചരിക്കാൻ ദൈവം തന്നെ ഏൽപ്പിച്ചതാണെന്ന് വിചാരിക്കാൻ അയാൾക്ക് കഴിഞ്ഞാൽ ആ കാഴ്ചപ്പാടുകൊണ്ടുണ്ടാവുന്ന വ്യത്യാസം വലുതാണ്. 'Special Child' എന്ന പ്രയോഗത്തിനു തന്നെ അവിടെ ഒരു പുതിയ അർത്ഥം ലഭിക്കുകയാണ്. ഓരോ അനുഭവങ്ങളേയും സമചിത്തതയോടെ നേരിടാനായാൽ, ജീവിതത്തിൽ ഇങ്ങനെ വലിയ മാറ്റങ്ങളുണ്ടാവും.

'ഒടുവിൽ ലോകത്തെ കീഴ്പ്പെടുത്തുക പ്രണയവും പവിത്രതയു' മാണെന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. എന്തിനോടെങ്കിലും പാഷനേറ്റായി (Passionate) ജീവിക്കുക. അപ്പോഴും ചില അടിസ്ഥാന ശുദ്ധികൾ കാത്തുസൂക്ഷിക്കുക. ശുദ്ധിയുള്ള മനുഷ്യരാവുക.

ഞങ്ങളുടെയൊക്കെ ചെറുപ്പകാലത്ത് വല്ലാത്ത പ്രതിസന്ധിയെ നേരിടുന്ന യുവാക്കൾ പറയാറുള്ള ഒരു വാക്യമുണ്ടായിരുന്നു- 'എനിക്ക് ഫേൺഹില്ലിലേക്ക് പോവാൻ തോന്നുന്നു' ഫേൺഹില്ലിന്റെ പ്രത്യേകത നമുക്കറിയാം. അവിടെയായിരുന്നു നിത്യചൈതന്യയതിയുടെ താമസം. വായനയിലൂടെയും തണുപ്പുള്ള ചിന്തകളിലൂടെയും ഒരുപാട് മനുഷ്യരെ സമാശ്വസിപ്പിച്ചിരുന്ന ഒരാൾ. ഫേൺഹില്ലിലേക്ക് ഒരാൾ കടന്നുചെല്ലുമ്പോൾ സ്വന്തം മുറിയിൽ നിന്നുമിറങ്ങി അതിഥിയെ സ്വീകരിക്കാൻ പടവുകളിലേക്ക് ഇറങ്ങിവന്നിരുന്ന ആ മനുഷ്യൻ ഒരു ആശ്വാസമായിരുന്നു. 'ഫേൺഹില്ലിലേക്ക് പോവാൻ തോന്നുന്നു' എന്നത് ഒരു പ്രയോഗമായി ത്തന്നെ മാറിയ കാലമായിരുന്നു അത്. അത്തരം നനുത്ത പൊതു ഇട

ങ്ങൾ നഷ്ടമാവുന്നു എന്നത് ഒരു പ്രശ്നമാണ്. ഒരു പള്ളി നവീകരിക്കു ന്നതിനേക്കാൾ പ്രധാനമാണ് ഒരു വായനശാല നിലനിർത്തുന്നത്. അൽപം പോലും അതിൽ അതിശയോക്തി ഇല്ല. പൊതു ഇടങ്ങളും പൊതുവായ മനുഷ്യരും നമുക്കുവേണം.

പച്ച മനുഷ്യരെ നമുക്ക് വേണം. അതിന് വലിയ ബുദ്ധിസാ മർത്ഥ്യമോ മിടുക്കോ ഒന്നും ആവശ്യമില്ല. തണുപ്പുള്ള ഒരു സാധാരണമ നുഷ്യനായാൽ മതി. അഭയനെക്കുറിച്ച് സുഹൃത്തുക്കൾ ഓർമ്മിച്ചെടുക്കു ന്നത് അത്തരമൊരു തുരുത്തായാണ്. ആർക്കും സമീപിക്കാവുന്ന, എന്തിനും പരിഹാരം തന്നിരുന്ന ഒരു യുവാവ്. ഒരു മനുഷ്യായുസ്സിൽ ഇത്രയും തന്നെ മതി. പച്ചമനുഷ്യരായി മാറുകയെന്നതാണ് വലിയ കാര്യം. പലവർണ്ണങ്ങളിൽ നിരത്തിവച്ചിരിക്കുന്ന പഴച്ചാറുകളും ശീതളപാനീയങ്ങ ളുമൊക്കെയുള്ള കടയിൽ നിന്നും, ഒരു ഗ്ലാസ് തെളിഞ്ഞ കുടിവെള്ളം കിട്ടു മ്പോഴുള്ള ആശ്വാസം വലുതാണ്. മരിക്കാൻ പോവുന്ന ഒരു മനുഷ്യനും ടാങ്ക് കലക്കിയ വെള്ളം വേണമെന്ന് പറയാനിടയില്ല. അവന് വേണ്ടത് പച്ചവെള്ളമാണ്.

തണുപ്പുള്ള പച്ചമനുഷ്യരായി മാറുക. നാൽപതുവയസ്സൊക്കെ കഴിഞ്ഞ വീട്ടമ്മമാർ വീടിനുള്ളിൽ വല്ലാത്ത സമ്മർദ്ദവും ഒറ്റപ്പെടലും അനു ഭവിക്കാറുണ്ട്. ആ സമയം അവർ പോകാൻ ഏറ്റവും ആഗ്രഹിക്കുന്ന ഒരി ടമുണ്ട്. അത് സ്വന്തം അമ്മയുടെ അടുത്തേക്കാവും മക്കളെ സ്കൂളില യച്ച് ഉച്ചയോടെ ഒരു സ്ത്രീ വിങ്ങിപ്പൊട്ടാറായ മനസ്സുമായി പ്രായമായ അമ്മയെ കാണാൻ പോകുന്നുവെന്ന് കരുതുക. വെറുതേ അമ്മയോട് കുറേ നേരം സംസാരിച്ച് മക്കൾ സ്കൂളിൽ നിന്നെത്താറാവുമ്പോൾ ആ സ്ത്രീ തിരികെ സ്വന്തം വീട്ടിലേക്ക് മടങ്ങും. പക്ഷെ തിരികെ ബസ്സിൽ കയറി വരുന്നത് അങ്ങോട്ട് പോയപോലെയാവില്ല. ചങ്കിനുള്ളിൽ ഒരു തണുപ്പ് ഉണ്ടാവും പ്രായമായ ആ അമ്മ ഒന്നും അവർക്ക് നൽകിയിട്ടുണ്ടാവില്ല. അവരുടെ സാന്നിദ്ധ്യംതന്നെയാണ് ഒരു വല്ലാത്ത ആശ്വാസം പകരുന്നത്. ലോകത്ത് ഒരു പുരുഷനും ഒരു സ്ത്രീയേയും മനസ്സിലാക്കാൻ കഴിഞ്ഞി ട്ടില്ല. സ്ത്രീക്ക് ഏറ്റവും നല്ലത് വേറൊരു  സ്ത്രീയുടെ തോളുതന്നെയാ ണ്. സ്ത്രീകളെക്കുറിച്ച് പറയുന്നത് മുഴുവൻ പുരുഷന്മാരാണല്ലോ. നമുക്ക് കുറച്ചുകൂടി മനസ്സിലാക്കുന്ന, തണുത്ത പച്ച മനുഷ്യരാവാം.

ജീവിതത്തിന് ഒരു ലക്ഷ്യം ഉണ്ടാവേണ്ടതല്ലേ? ഓരോ പുഴയും ഒഴുകുന്നത് ഒരു ലക്ഷ്യസ്ഥാനത്തേക്കാണ്. ഒരു പരിധി കഴിഞ്ഞാൽ അതിന്റെ പ്രയാണത്തിനും വേഗം കൂടും. സിനിമ തന്നെ ശ്രദ്ധിക്കുക. ഇന്റർവെൽ വരെയാണ് പാട്ടും തമാശയുമൊക്കെ ഉണ്ടാവുക. അതു കഴി ഞ്ഞാൽ വേഗം കൂടും. അല്ലെങ്കിൽ യുവാക്കളൊക്കെപറയും 'പടം ലാഗ് ആണ്' എന്ന്. ജീവിതവും ഇങ്ങനെ തന്നെയാണ്. ഏതാണ്ട് മുപ്പതിനായി

രത്തിൽ താഴെ ദിവസങ്ങൾ മാത്രമാണ് ഒരു മനുഷ്യായുസ്സിനുള്ളത്. 'Why are we here?' എന്ന ഒരു ചോദ്യമുണ്ട്. എന്തിനാണ് നമ്മൾ ഈ ഭൂമിയിൽ വന്നത്?

ബുദ്ധപാരമ്പര്യത്തിൽ ഒരു കഥയുണ്ട്. ഒരു അമ്മ മകനെ വളരെ കഷ്ടപ്പെട്ട് പണിയെടുത്ത് വളർത്തി. ബുദ്ധിമാനായ മകൻ വളരെ നന്നായി പഠിച്ച് മിടുക്കനായി. വലുതായപ്പോൾ, മിടുമിടുക്കനായ അവൻ കൊട്ടാരത്തിൽ രാജഗുരുവായി മാറി. നാട്ടിൽ മുഴുവൻ യുവാവായ പുതിയ രാജഗുരുവിന്റെ പാണ്ഡിത്യത്തെക്കുറിച്ചായി സംസാരം. പക്ഷേ, ആ അമ്മ അതിലൊന്നും സംതൃപ്തയായില്ല. അവർ ഒരു ദിവസം മകനെ കാണാൻ കൊട്ടാരത്തിലെത്തി. രാജഗുരുവായ മകൻ പണ്ഡിതരോട് സംവാദിക്കുകയാണ്. അവരുടെ ചോദ്യങ്ങൾക്കൊക്കെ മകൻ ഉത്തരങ്ങൾ നൽകുന്നു. അമ്മ സദസിലേക്ക് നിറകണ്ണുകളുമായി കയറിച്ചെന്നു. മകന്റെ അടുത്തെത്തിയ ആ അമ്മ തന്റെ മെലിഞ്ഞ കൈകൾ നീട്ടി അവന്റെ കവിളത്ത് ഒരടി നൽകുകയാണ് ചെയ്തത്.

"ഇതിനുവേണ്ടിയല്ല അമ്മ
പട്ടിണികിടന്നതും കഷ്ടപ്പെട്ടതും
പഠിപ്പിച്ചതും....
ഇതിനുവേണ്ടിയല്ല...
ഇതിനുവേണ്ടിയല്ല...."

ഇങ്ങനെ പറഞ്ഞ് കരഞ്ഞുകൊണ്ടാണ് അമ്മ തിരികെ ഒഴുകിമാഞ്ഞത്. പുറത്തും അകത്തും പ്രഹരമേറ്റ ആ മകൻ ചെയ്തത് കൊട്ടാരം വിട്ടിറങ്ങുകയായിരുന്നു. തെരുവിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കൊപ്പം അവൻ പണിയെടുത്തു. വൈകുന്നേരങ്ങളിൽ അവരുടെ മക്കളെ പഠിപ്പിച്ചു. അങ്ങനെ രാജഗുരുവായിരുന്ന അയാൾ കളരിയാശാനായി ജീവിതം സാർത്ഥകമാക്കി. അമ്മയുടെ ആ അടിയാണ് അവിടെ നിർണായകമായത്. ഇവിടെയുള്ള അമ്മമാരും മക്കളോട് ഇടയ്ക്ക് ഇതു പറയണം.

"ഇതിനുവേണ്ടിയല്ല അമ്മ
പട്ടിണികിടന്നതും കഷ്ടപ്പെട്ടതും
പഠിപ്പിച്ചതും....
ഇതിനുവേണ്ടിയല്ല...
ഇതിനുവേണ്ടിയല്ല...."

എന്താണ് ജീവിതം? എന്തിനാണ് ജീവിക്കുന്നത്? 40 വയസ്സുള്ള ശരാശരി മലയാളിയുടെ ജീവിതം നിരീക്ഷിക്കുക. ആദ്യമൊക്കെ ജീവിതത്തിൽ അവൻ ശ്രദ്ധിക്കുക. സ്വയം മിനുക്കാനാണ് ഭംഗിയുള്ള ബ്രാൻഡഡ് വസ്ത്രങ്ങൾ, വിലയേറിയ ചെരുപ്പ്, കാറ് തുടങ്ങിയതൊക്കെ വാങ്ങിക്കൂ

ട്ടും. കുറേകഴിഞ്ഞാൽ അതിൽ സംതൃപ്തിയില്ലാതാവും പിന്നെ അവൻ പുറമെയുള്ളതിനെയാണ് മിനുക്കാൻ ശ്രമിക്കുക. മതിലിന്റെ ഉയരം കൂട്ടിക്കൂട്ടി കൊണ്ടുവരിക, പുല്ലുകണ്ടാൽ പിന്നെ ഭ്രാന്താണ്. അവിടെ മുഴുവൻ ടൈലുപാകാതെ സമാധാനമുണ്ടാവില്ല. ആലോചിച്ചുനോക്കൂ. ടൈലുപാകാൻ വേണ്ടി മാത്രം ജീവിച്ചുമരിച്ച് ഈ ഭൂമിയിൽ നിന്ന് കടന്നുപോകുന്നത് കഷ്ടമല്ലേ?

നമുക്ക് ഈ ഭൂമിയിൽ നനവുള്ള മനുഷ്യരാവാൻ ശ്രമിക്കാം. അവനവനുവേണ്ടി മാത്രം ജീവിച്ചുകടന്നുപോകുന്നതിനേക്കാൾ വലിയ ഒരു അശ്ലീലമില്ല. നമുക്കു വേണ്ടി മാത്രം നാം ഭക്ഷണം പാകം ചെയ്താൽ കഞ്ഞിക്കലത്തിൽ വീഴുന്നത് വിഷമാവുമെന്ന് പണ്ട് കാരണവൻമാർ പറയുമായിരുന്നു. ചോറുവെന്താൽ ആദ്യത്തെ വറ്റ് നൽകിയിരുന്നത് കാക്കയ്ക്ക് ആയിരുന്നു. പിന്നെ പട്ടിണി കിടക്കുന്നവർ കൈനീട്ടിയാൽ അവർക്ക്. വീട്ടിലെല്ലാവരും കഴിച്ചുകഴിഞ്ഞ് ഒടുവിൽ അത് പാകം ചെയ്ത വീട്ടമ്മയ്ക്ക് കഴിക്കാൻ മിക്കവാറും ഒന്നുമുണ്ടാവാറില്ലായിരുന്നു. പക്ഷേ, ഈ വീട്ടമ്മമാരൊന്നും പോഷകാഹാരക്കുറവുകൊണ്ട് മരിച്ചിട്ടില്ല. കാരണം, ആ കാക്ക മുതൽ ആ ഭക്ഷണം കഴിച്ച മുഴുവനാളുകളുടേയും സുകൃതം അവിടെയുണ്ട്. കാലം കടന്നുപോകുമ്പോൾ ഇത്തരം നന്മകളും നനവുമൊക്കെ നമുക്ക് നഷ്ടമാവുകയാണ്.

ഒരിക്കൽ ഒരു മനുഷ്യൻ കൊടുംകാട്ടിൽ ഒറ്റയ്ക്ക് അകപ്പെട്ടു. ദിക്കും ദിശയുമറിയാതെ അയാൾ നടന്നു. പുറത്തുകടക്കാൻ ഒരു വഴിയുമില്ല. ജീവിതം ആ കാട്ടിൽ അവസാനിച്ചുവെന്നുകരുതിയപ്പോഴാണ് അയാൾ കുറേ കാട്ടുമനുഷ്യരെ കണ്ടുമുട്ടുന്നത്. അവർ അയാൾക്ക് പുറത്തുകടക്കാൻ ഒരു ഉപദേശം നൽകി “പുഴയെ പിന്തുടരുക” “Follow the river” അയാൾ പുഴയുടെ അരികേ യാത്ര തുടങ്ങി. അത് അത്ര എളുപ്പമായിരുന്നില്ല. കാട്ടുവള്ളികളിലും മുള്ളുകളിലും തട്ടിയും തടഞ്ഞും യാത്ര ചെയ്ത് അയാൾ ഒടുവിൽ താഴ്‌വരയിലെത്തി. അപ്പോഴാണ് അയാൾ ശ്രദ്ധിച്ചത്. അയാളോടൊപ്പം കാട്ടിൽ നിന്നും ഒഴുകിവന്നിരുന്ന ഒരു കല്ല് തട്ടിയും ഉരസിയും താഴ്‌വരയിലെത്തിയപ്പോഴേക്കും മിനുസമുള്ള ഒരു വെള്ളാരംകല്ലായി മാറിയിരിക്കുന്നു. ആ വെള്ളാരംകല്ലിനെ നോക്കി അയാൾ ഒന്നേ പറഞ്ഞുള്ളൂ “ഇതിനേക്കാൾ രൂപാന്തരീകരണം എന്നിൽ ഉണ്ടായിരിക്കുന്നു.”

സുഹൃത്തുക്കളേ, നദിയെ പിന്തുടരുക. ചില നനവുള്ള മനുഷ്യർ നമുക്കിടയിലുണ്ട്. അവർക്ക് പല കാലത്തും പല പേരാണ്. ചിലപ്പോൾ മാഗിയെന്ന്, ചിലപ്പോൾ ക്ലിന്റെന്ന്, ചിലപ്പോൾ അഭയനെന്ന്. അവരുടെ സ്മൃതി അണയാതെ കാക്കേണ്ടതുണ്ട്.



ബാഹുവീര്യങ്ങളും ബുദ്ധിപ്രഭകളും
സ്നേഹമൊലിക്കുമുറവകളും

ആഹന്തയെത്ര വിഫലമാക്കിത്തീർത്തു
നീ ഹിന്ദുധർമ്മമേ, 'ജാതി' മൂലം!

എത്ര പെരുമാക്കൾ ശങ്കാരചാര്യന്മാ-
രെത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും

ക്രൂരയാം ജാതിയാൽ നൂനമലസിപ്പോയ്
കേരളമാതാവേ, നിൻ വയറ്റിൽ

തേച്ചു മിനുക്കിയാൽ കാന്തിയും മൂല്യവും
വാച്ചിടും കല്ലുകൾ ഭാരതാംബേ,

താണു കിടക്കുന്നു നിൻ കുക്ഷിയിൽ ചാണ
കാണാതെയാറേഴു കോടിയിന്നും

–കുമാരനാശാൻ

(ദുരവസ്ഥ)

# അഭയൻ സ്മാരക കേന്ദ്രം ട്രസ്റ്റ് പുരസ്കാരങ്ങൾ

മികച്ച ബാലവേദി പ്രവർത്തിക്കുന്ന ഗ്രന്ഥശാല (എം. എസ്. ശശിധരൻ സ്മാരക പുരസ്കാരം), മികച്ച ഗ്രന്ഥശാല പ്രവർത്തക (പി. മുരളീമോഹനൻ സ്മാരക പുരസ്കാരം), മികച്ച ലൈബ്രേറിയൻ (കണ്ണൻ ദയാൽ സമാരക പുരസ്കാരം), മികച്ച വായനക്കാരൻ (അഭയൻ സ്മാരക പുരസ്കാരം), എന്നിവർക്ക് പൊൻകുന്നം അഭയൻ സ്മാരക കേന്ദ്രം ട്രസ്റ്റ് കാഷ് അവാർഡും പുരസ്കാരവും നൽകുന്നു.

## സ്മരണീയർ



### അഭയൻ

സാമൂഹ്യശാസ്ത്ര പഠിതാവും
സജീവ ഗ്രന്ഥശാലാ പ്രവർത്തകനും,
കലാപ്രവർത്തകനും ആയിരുന്നു.


ജനനം: 1991 നവംബർ 11
ചരമം: 2013 മെയ് 27



### കണ്ണൻദയാൽ

പൊൻകുന്നം ജനകീയ വായനശാലയുടെ ആദ്യ
ലൈബ്രേറിയൻ, യുവജനവേദി സംഘാടകൻ,
രാഷ്ട്രീയ സാമൂഹിക സംഘടനകളിൽ
സജീവ പ്രവർത്തകർ.

ജനനം: 1986 മാർച്ച് 2
ചരമം: 2013 മാർച്ച് 30



## പി. മുരളീ മോഹനൻ

പ്രശസ്തകഥാകാരൻ, ബാലസാഹിത്യകാരൻ അർപ്പണബോധത്തോടെ ജീവിതാവസാനംവരെ പ്രവർത്തിച്ച മാതൃകാ ഗ്രന്ഥശാലാപ്രവർത്തകൻ,സഹകാരി കൃതികൾ: അക്ഷയപാത്രം
(1979-ലെ എം.പി.പോൾ സമ്മാനം നേടി)
യാത്ര (ബാലസാഹിത്യം)
കണ്ണുനീർപൂക്കൾ ( ,, )
മുന്നുവിന്റെ ടോർച്ച് ( ,, )
ഒരു ദിവസം ( ,, )
പലവഴികൾ, പലമനുഷ്യർ (കഥാസമാഹാരം)

ജനനം: 1939 സെപ്തംബർ 24
ചരമം: 2012 നവംബർ 7



## എം.എസ്. ശശിധരൻ

മാതൃകാദ്ധ്യാപകൻ,
സാഹിത്യകാരൻ
ജനകീയവായനശാലയുടെ ഉറ്റബന്ധു.
സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ
സജീവപ്രവർത്തകനായി നിലകൊണ്ടു.

ജനനം: 1954 ആഗസ്റ്റ് 10
ചരമം: 2013 ഫെബ്രുവരി 13

# വായനാലോകത്തെ
# ജേതാക്കൾ 2014-15

മികച്ച ലൈബ്രേറിയൻ
കണ്ണൻദയാൽസ്മാരക പുരസ്കാരം
എൻ. കൊച്ചുറാണി
പോപ്പ് ജോൺ മെമ്മോറിയൽ ലൈബ്രറി,
അംബികാ മാർക്കറ്റ്, വൈക്കം താലൂക്ക്

മികച്ച ലൈബ്രറി പ്രവർത്തക
പി. മുരളീമോഹനൻ സ്മാരക പുരസ്കാരം
സരിത എം.
പി. ശിവരാമപിള്ള മെമ്മോറിയൽ പീപ്പിൾസ്സ് ലൈബ്രറി,
കുറിച്ചിത്താനം


മികച്ച വായനക്കാരൻ
അഭയൻ സ്മാരക പുരസ്കാരം
ജിബു കെ. ജോസ്,
ഹോളിഗോസ്റ്റ് വി.എച്ച്.എസ്.എസ്.എസ്. മുട്ടുചിറ

മികച്ച ബാലവേദി
എം.എസ്. ശശിധരൻ സ്മാരക പുരസ്കാരം
സഹൃദയാ ഗ്രന്ഥശാലാ ബാലവേദി, സൗത്ത് പാമ്പാടി

## വായനാലോകത്തെ
## ജേതാക്കൾ 2014-15 - പുരസ്കാരദാനം





# വായനാലോകത്തെ ജേതാക്കൾ 2015-16



മികച്ച ലൈബ്രേറിയൻ
കണ്ണൻദയാൽസ്മാരക പുരസ്കാരം
ശ്രീ. കെ. രാമൻ, ശ്രീരംഗം ഗോപിനാഥക്കുറുപ്പ്
മെമ്മോറിയൽ ലൈബ്രറി, ചമ്പക്കര
ദീർഘകാലം അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു.
സമർപ്പിതചിത്തനായി
ലൈബ്രേറിയനായി പ്രവർത്തിക്കുന്നു.

ജനനം 1946 ജൂലൈ 10
വിലാസം: പ്ലാച്ചിക്കൽ ഹൗസ്, ചമ്പക്കര പോസ്റ്റ്,
കറുകച്ചാൽ, കോട്ടയം ജില്ല



മികച്ച ലൈബ്രറി പ്രവർത്തക
പി. മുരളീമോഹനൻ സ്മാരക പുരസ്കാരം
ശ്രീമതി ലില്ലിക്കുട്ടി സെബാസ്റ്റ്യൻ
ടാഗോർ ലൈബ്രറി, ഇടകടത്തി
ജനനം : 1946 ഡിസംബർ 18
ടാഗോർ ലൈബ്രറിയുടെ ലൈബ്രേറിയനായും
താലൂക്ക് ലൈബ്രറി കൗൺസിൽ അംഗമായും
പ്രവർത്തിക്കുന്നു. ടാഗോർ ബാലവേദിയുടെ രക്ഷാധികാരിയായി
അർപ്പണ ബോധത്തോടെ പ്രവർത്തിക്കുന്നു.
ആഭരണനിർമ്മാണം, ഫാബ്രിക് പെയിന്റിംഗ്
എന്നിവയിൽ ഡിപ്ലോമാ നേടിയിട്ടുണ്ട്.
വിലാസം : വാരണത്ത്, ഇടകടത്തി പോസ്റ്റ്, മുക്കൂട്ടുതറ (വഴി)



മികച്ച വായനക്കാരി
അഭയൻ സ്മാരക പുരസ്കാരം
ശ്രീമതി രജിത സി.കുഞ്ഞ്
കാട്ടിക്കുന്ന്, ലൈബ്രറി, ചെമ്പ്
വൈക്കം കയർ പ്രോജക്ട് ഓഫീസിൽ സീനിയർ ക്ലർക്ക്
കാട്ടിക്കുന്ന് വായനശാലയിൽ സജീവാംഗമാണ്. കോട്ടയം ജില്ലാ
ലൈബ്രറി കൗൺസിലിന്റെ ജില്ലാതല വനിതാവായനോത്സവത്തിൽ
2012, 2013, 2015, 2016 വർഷങ്ങളിൽ ഒന്നാം സ്ഥാനവും 2014-ൽ
രണ്ടാം സ്ഥാനവും നേടി.
വിലാസം : രഹിതാഭവൻ, കാട്ടിക്കുന്ന്
ചെമ്പ് പോസ്റ്റ്, വൈക്കം കോട്ടയം

# മികച്ച ബാലവേദി

## എം.എസ്. ശശിധരൻ സ്മാരകപുരസ്കാരം

### പി.കെ.വി. വനിതാ ലൈബ്രറി, കിടങ്ങൂർ



ശരിയായ ജീവിതവീക്ഷണവും മൂല്യബോധവും ആത്മബോധവും നേടി ഉത്തമവ്യക്തിത്വം ആർജ്ജിക്കാൻ കുട്ടികളെ പ്രാപ്തരാക്കുവാനുള്ള ബോധപൂർവ്വമായ ശ്രമം നടത്തുന്നതിൽ കിടങ്ങൂർ പി.കെ.വി. വനിതാ ലൈബ്രറി മാതൃക കാട്ടുന്നു.

2007 മുതൽ മുടങ്ങാതെ നടക്കുന്ന ശില്പശാലകൾ നാടിന്റെ ഉള്ളുണർത്തുന്ന അനുഭവങ്ങളാണ്. കൈപ്പട നന്നാക്കുന്നതു മുതൽ ചരിത്രം, സാമൂഹ്യശാസ്ത്രം, സാഹിത്യം, കലകൾ, ശാസ്ത്രം, ശാസ്ത്രീയവീക്ഷണം, എന്നിവയുടെ അറിവു പകരുന്നതുവരെ ലക്ഷ്യമിട്ട് അഗാധവും സൂക്ഷ്മതലസ്പർശിയുമായ എണ്ണമറ്റ പ്രവർത്തനങ്ങളുടെ പതിറ്റാണ്ടുകാലത്തെ ഈ അനുഭവങ്ങൾ അതിശ്രദ്ധേയവും അനുകരണീയവുമാണ്.

ഭാവനയും യാഥാർത്ഥ്യവും നിറഞ്ഞ ഭാവിയെക്കുറിച്ചുള്ള സങ്കല്പവുമെല്ലാം ചൈതന്യപൂർണ്ണവും സക്രിയവുമായ അറിവിന്റെ അടരുകളാക്കിമാറ്റാൻ ക്ലേശകരമായ ഈ പ്രവർത്തനങ്ങൾക്കു കഴിയുന്നുണ്ട്.

നാടക ശില്പശാലകൾ, അവതരണങ്ങൾ, ചലച്ചിത്രനിർമ്മാണം, പുസ്തകപ്രസാധനം, ശാസ്ത്ര പരീക്ഷണങ്ങൾ, സാഹിത്യ പരിശീലനം, കാവ്യാനുശീലനം, മോക്പാർലമെന്റ്, അക്ഷരജാഥകൾ, കയ്യെഴുത്തു മാസികകൾ എന്നിവയെല്ലാം ഇവിടെ നടക്കുന്ന പ്രവർത്തനങ്ങളിൽ ചിലതാണ്.

സ്വാർത്ഥകലുഷിതമായ ആധിപത്യവാസനയും പരസ്പര ബന്ധമറ്റ വിവരങ്ങളുടെ ചവറ്റുകൂനയും കൊണ്ട് കുഞ്ഞുമനസ്സുകൽ നിറക്കുന്ന ഔപചാരിക വിദ്യാഭ്യാസ പരിപാടികളെ ചെറുക്കുന്നതിന് ഇത്തരം ബോധപൂർവ്വമായ മാനവീകരണശ്രമങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്.

## അഭയധാര (Streams) first impression പ്രകാശനം






ഒന്നും ഈ വാഴ്‌വിൽ മറയുന്നില്ല
നൗകയിൽ മൂന്നു പായ്മരങ്ങൾ
മൂന്നു നെടുവീർപ്പുകളായി ഇപ്പോൾ
എന്റെ ഉള്ളിലുണ്ട്.

Yehuda Amichai : The name of the Place

# അഭയൻ സ്മാരക കേന്ദ്രം ട്രസ്റ്റ്– (ആസ്ക്) അഭയം 2015– (റിപ്പോർട്ട്)

2015 ജൂൺ 13, 14 തീയതികളിൽ പൊൻകുന്നം സ്വദേശ് റസിഡൻസി ഓഡിറ്റോറിയത്തിലാണ് 'അഭയം 2015' നടന്നത്. എന്നും എപ്പോഴും നമ്മോടൊപ്പമുള്ള അഭയന്റെ സ്മരണകൾ പങ്കുവയ്ക്കുന്നതിനായി സഹപാഠികളും സുഹൃത്തുക്കളും ബന്ധുക്കളുമെല്ലാം അഭയം 2015 ൽ പങ്കെടുക്കുകയുണ്ടായി.

2015 ജൂൺ 13–ാം തീയതി രാവിലെ 9.30 നു രജിസ്ട്രേഷനോടെ അനുസ്മരണ സമ്മേളനം ആരംഭിച്ചു. കുമാരി ആര്യാ സുരേഷിന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച അനുസ്മരണ സമ്മേളനത്തിൽ ശ്രീ. പി. കൃഷ്ണപ്രസാദ് അദ്ധ്യക്ഷത വഹിച്ചു. ആസ്ക് സെക്രട്ടറി ശ്രീ. ബി. സുനിൽ സ്വാഗതം പറഞ്ഞു. അഭയൻ സ്മാരക പ്രഭാഷണം നിർവ്വഹിച്ചത് വിഖ്യാത ചരിത്രകാരൻ ശ്രീ. രാജൻ ഗുരുക്കൾ ആയിരുന്നു. വർത്തമാന സാഹചര്യത്തിൽ ചരിത്രം നേരിടുന്ന വിപത്തുകളെ ക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. പ്രഭാഷണത്തെതുടർന്ന് നടന്ന ചോദ്യോത്തരം ഏറെ സജീവമായിരുന്നു. സദസ്സിൽ നിന്നുയർന്ന ചോദ്യങ്ങൾക്കെല്ലാം ഡോ. രാജൻ ഗുരുക്കൾ മറുപടി പറഞ്ഞു. ട്രഷറർ ശ്രീ. പി.എൻ. സോജൻ നന്ദി പറഞ്ഞു.



അഭയം 2015നോടനുബന്ധിച്ച് പ്രാദേശിക ചിത്രകാരന്മാരുടെ വിപുലമായ ഒരു ചിത്രപ്രദർശനം സംഘടിപ്പിച്ചിരുന്നു. ഏഴു വയസ്സിനുള്ളിൽ 25000 ലധികം ചിത്രങ്ങൾ വരച്ച് അകാലത്തിൽ പൊലിഞ്ഞ പ്രമുഖ ചിത്രകാരൻ എഡ്മണ്ട് തോമസ് ക്ലിന്റിന്റെ മാതാപിതാക്കളായ ശ്രീമതി ചിന്നമ്മ ജോസഫും ശ്രീ. എം.ടി ജോസഫും ചേർന്നാണ് ഉദ്ഘാടനം നിർവഹിച്ചത്. നിലവിളക്ക് തെളിച്ചു ചിത്രപ്രദർശനം ബഹുജനങ്ങൾക്ക് തുറന്നു കൊടുത്തു. യോഗത്തിൽ ശ്രീ. എം.ടി. ജോസഫ് സംസാരിച്ചു. ഡോ. രാജൻ ഗുരുക്കൾ, ശ്രീമതി ചിന്നമ്മ ജോസഫ്, ശ്രീ. എം.ടി. ജോസഫ് എന്നിവർക്ക് ട്രസ്റ്റിന്റെ വകയായി മെമന്റോ നൽകി ആദരിക്കുകയുണ്ടായി. ചിത്രപ്രദർശനം നൂറുകണക്കിന് ആളുകളെ ആകർഷിച്ചുകൊണ്ടാണ് അവസാനിച്ചത്. പ്രദർശനത്തോടനുബന്ധിച്ച് ASK പ്രസിദ്ധീകരിച്ച ലക്ഷ്യപ്രഖ്യാപനരേഖ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർക്കുന്നുണ്ട്.

2.30 ന് ചേർന്ന സമ്മേളനത്തിൽ സഹപാഠികളും സുഹൃത്തുക്കളും ബന്ധുക്കളും അഭയന്റെ ഓർമ്മകൾ പങ്കുവച്ചു. നിഖില സുധർമ്മ, അശ്വിൻ രാജൻ, ആന്റോ, ദീപക്, അഭീഷ്, അർജുൻ രാജ് തുടങ്ങി നിരവധി സുഹൃത്തുക്കൾ അഭയനെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവച്ചു. ഹൃദയ സ്പർശിയായ അനുഭവങ്ങളാണ് ഇവിടെ സുഹൃത്തുക്കൾ പങ്കുവച്ചത്.

4 മണിക്ക് 'നമ്മളും ദാർശനികതയും' എന്ന വിഷയം സാൻപിയോറിട്രീറ്റ് സെന്റിലെ ഫാ. ബോബി ജോസ് കട്ടികാട് അവതരിപ്പിക്കുകയുണ്ടായി. ഗഹനമായ വിഷയം ആത്മാവിൽ തൊട്ടുകൊണ്ട് ഫാ. ബോബി ജോസ് അവതരിപ്പിച്ചു. 'അഭയം 2014 വാർഷിക പുസ്തക'ത്തിന്റെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. ട്രസ്റ്റ് അംഗം എ.ആർ. സാബു അധ്യക്ഷത വഹിച്ച യോഗത്തിൽ വാർഷിക പുസ്തകം ഏറ്റു വാങ്ങിയത് അശ്വിൻ രാജൻ ആയിരുന്നു.



5.30 ന് ചെറുവള്ളി എസ്.സി.റ്റി.എം. യു.പി. സ്കൂളിലെ കുട്ടികൾ എഴുത്തച്ഛൻ മുതൽ പനച്ചൂരാൻ വരെയുള്ള 27 കവികളുടെ കവിതകൾ കോർത്തിണക്കി സംഗീതാവിഷ്കാരം ചെയ്തു അവതരിപ്പിച്ച "കാവ്യ മഞ്ജരി' ആതീവ ഹൃദ്യവും ഉന്നത നിലവാരം പുലർത്തുന്നതും ആയിരുന്നു. "കാവ്യ മഞ്ജരി അവതരിപ്പിച്ച കുട്ടികൾക്ക് ട്രസ്റ്റ് വക മെമന്റോ സമ്മാനിച്ചു.

6.30 ന് ട്രസ്റ്റ് സെക്രട്ടറി വാർഷിക റിപ്പോർട്ടും, ട്രഷറർ പി.എൻ. സോജൻ കണക്കും അവതരിപ്പിച്ചു. 7.30നു വരുംകാല പ്രവർത്തനത്തെ സംബന്ധിച്ചും പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ട മേഖലകളെക്കുറിച്ചും മാനേജിംഗ് ട്രസ്റ്റി എ.ആർ. സിന്ധു സംസാരിച്ചു. മുൻവർഷത്തിൽ കാർഷിക രംഗത്തെ ബദൽ അവതരിപ്പിച്ച വയനാട് മലബാർ മീറ്റിന്റെ തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീ. സുധീർ Power point presentation അവതരണം നടത്തി.

8.30 ന് ചിറക്കടവ് ഗ്രാമദീപം കലാവേദീയുടെ 'പഴമയുടെ മധുരം' ഗാനമേളയും ഉണ്ടായിരുന്നു.



ജൂൺ 14 ഞായറാഴ്ച രാവിലെ 10 നു ഭാവിപ്രവർത്തന മേഖല സംബന്ധിച്ച് ചർച്ച തുടരുകയുണ്ടായി. ചർച്ചയിൽ നിരവധി ആശയങ്ങളുടെ അവതരണവും നടന്നു. ഭാവി പ്രവർത്തനങ്ങളുടെ ക്രോഡീകരണ സമ്മേളനത്തിൽ സി.പി.ഐ.എം. എലിക്കുളം ലോക്കൽ സെക്രട്ടറി എസ്. ഷാജി, ചിറക്കടവ് ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് വി.ജി. ലാൽ, മുൻ പഞ്ചായത്ത് അംഗം സി.ആർ. ശ്രീകുമാർ എന്നിവർ പങ്കെടുത്തു. എലിക്കുളത്ത് സി.പി.ഐ.(എം.) ന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ജൈവ പച്ചക്കറി കൃഷിയെക്കുറിച്ചും പാലിയേറ്റീവ് രംഗത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ചുമെല്ലാം ശ്രീ. ഷാജി വിശദീകരിച്ചു. ചിറക്കടവ് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ ഉറവിട മാലിന്യ സംസ്കരണത്തെക്കുറിച്ചാണ് വി.ജി. ലാൽ സംസാരിച്ചത്. എളിയ നിലയിൽ സമാരംഭിച്ച് അമ്പതോളം കുടുംബങ്ങൾക്ക് 24 മണിക്കൂറും കുടിവെള്ളം എത്തിക്കുന്ന മാതൃകാപരമായ 14-ാം വാർഡ് കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങളാണ് സി.ആർ. ശ്രീകുമാർ അവതരിപ്പിച്ചത്. എ.ആർ. സിന്ധു  അവതരണങ്ങളുടേയും ഭാവി പ്രവർത്തനങ്ങളുടേയും ക്രോഡീകരണം നടത്തിയതോടെ 'അഭയം 2015' സമാപിച്ചു.





തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ-
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ

ഭേദങ്ങളറ്റ പൊരുളിനെക്കാഹള-
മൂതിവാഴ്ത്തീടുന്നു വേദം നാലും

വൈദികമാനികൾ മർത്ത്യരിൽ ഭേദവും
ഭേദത്തിൽ ഭേദവും ജല്പിക്കുന്നു!

എന്തൊരു വൈകൃതം ബ്രഹ്മവിദ്യേ, നിന്നി-
ലെന്താണിക്കാണുന്ന വൈപരീത്യം.

–കുമാരനാശാൻ

(ദുരവസ്ഥ)

# വാർഷിക സമ്മേളനം – അഭയം 2015 – തീരുമാനങ്ങൾ

**ആസ്ക് ഉപദേശക സമിതി**

1. ഡോ. കെ.എൻ. ഗണേഷ്
2. ആർ. പാർവതി ദേവി
3. കെ.ജെ. തോമസ്
4. അജയൻ കെ.
5. വി.കെ. പ്രസാദ്
6. പി. കൃഷ്ണപ്രസാദ്

ആസ്കിന്റെ മുഖ്യ പ്രവർത്തന മേഖലയും അതിനാവശ്യമായ ഘടനയും രൂപപ്പെടുത്തുക എന്നതായിരുന്നു അഭയം 2015 ന്റെ പ്രധാന കടമ. വിവിധ മേഖലകളിൽ പുരോഗമന ബദൽ (alternatives) പരീക്ഷണങ്ങൾ ഏറ്റെടുക്കുന്ന സ്ഥാപനങ്ങളേയും വ്യക്തികളേയും കൂട്ടായ്മകളേയും കൂടുതൽ ഫലപ്രദമായി ഒരുമിപ്പിച്ചുകൊണ്ടുവരുവാനുള്ള പരിപാടികൾ തയ്യാറാക്കാനും അഭയം 2015 ൽ ഉദ്ദേശിച്ചിരുന്നു.

ചർച്ചയിലൂടെ അഭയം 2014 ന്റെ തുടർച്ചയായി മേഖലകളിൽ (പഠന ഗവേഷണ പ്രവർത്തനങ്ങൾ, കല

-സാംസ്കാരിക ബദലുകൾ, ഉത്പാദന-വികസന മേഖലയിലെ ബദലുകൾ, കായികരംഗം, ജീവകാരുണ്യമടക്കമുള്ള സാമൂഹ്യ- സേവനരംഗങ്ങൾ) അനുഭവങ്ങളും ആശയങ്ങളും പങ്കുവച്ചു ഭാവികാഴ്ച്ചപ്പാടുകൾ രൂപീകരിച്ചെടുക്കുകയും വരുന്ന ഒരു വർഷത്തെ ആസ്കിന്റെ പ്രവർത്തന പരിപാടി രൂപീകരിക്കുകയും ചെയ്യുക എന്നതായിരുന്നു ഉദ്ദേശം.

ഇതനുസരിച്ച് 13-14 തീയതികളിലായി നടന്ന ചർച്ചകളിൽ വിദ്യാഭ്യാസം കൂടി ഒരു പ്രവർത്തന മേഖലയായി ഉൾപ്പെടുത്തണമെന്ന് നിർദ്ദേശമുണ്ടായി.

അഭയം 2014 ൽ അവതരിപ്പിക്കപ്പെട്ട ബദലുകളുടെ തുടർച്ച അവലോകനം മലബാർ മീറ്റിൽ മാത്രമായി ചുരുങ്ങിയെങ്കിലും പല ക്രിയാത്മക നിർദ്ദേശങ്ങളും ചർച്ചയിലുണ്ടായി. ക്രോഡീകരണ സമ്മേളനത്തിൽ പ്രാദേശിക നേതാക്കൾ ബദൽ അനുഭവങ്ങൾ പങ്കുവച്ചത് തുടർ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും കൂടുതൽ പേർക്ക് പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും സഹായകമായി.

ചർച്ചകളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ പഠന ഗവേഷണ പ്രവർത്തനങ്ങൾ, കല-സാംസ്കാരിക ബദലുകൾ, ഉത്പാദന -വികസന മേഖലയിലെ ബദലുകൾ, കായികരംഗം, ജീവകാരുണ്യമടക്കമുള്ള സാമൂഹ്യ-സേവന രംഗങ്ങൾ, വിദ്യാഭ്യാസം എന്നീ മേഖലകളിലായി 6 കമ്മറ്റികൾ രൂപീകരിച്ചു.

1. പഠന ഗവേഷണ മേഖല പി. മധു, വി.കെ. പ്രസാദ്, എ.ആർ. മീന, സിന്ധു എ.ആർ. അജയൻ കെ.
2. കലാ-സാംസ്കാരിക മേഖല - അഭീഷ് എസ്.എസ്., അർജുൻ രാജ്, അളക, അവനി, എ.ആർ. സാബു, ഗോപീകൃഷ്ണൻ, അമൽ, സോജൻ പി.എൻ.
3. ഉത്പാദന- വികസന മേഖല- പി. കൃഷ്ണപ്രസാദ്, വി.എസ്. അനിൽകുമാർ, അജീർ, നിഖില, ഷാജി എസ്.
4. കായിക മേഖല - ആന്റണി ഡേവിഡ്, ടോമി, രാഹുൽ പ്രസാദ്
5. ജീവകാരുണ്യമടക്കമുള്ള സാമൂഹ്യ- സേവന മേഖല- ബി. സുനിൽ, അശ്വിൻരാജൻ, അനസ് ബിച്ചു, ഷിബു, ശ്രീവിദ്യ, പി. മുരളീധരൻ, ബാബുരാജ്
6. വിദ്യാഭ്യാസ മേഖല- കെ. ബിനുകുമാർ, രാജേഷ് പി.എസ്., അവനി, എഡ്വിൻ, നിഖില, ദീപക്

അതാത് മേഖലകളിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് അതാത് കമ്മിറ്റികൾ ചേർന്ന് രൂപരേഖ തയ്യാറാക്കേണ്ടതാണ്.

അഭയന്റെ സഹപാഠികളുടെ ഒരു കോ ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു. നിഖില, വിവേക്, ആന്റോ, എൽസബ, ദീപക്, ബിബിൻഷാ

എന്നിവരെ ചുമതലപ്പെടുത്തി.

വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഹയർ സെക്കണ്ടറി കോളേജ് വിദ്യാർത്ഥികൾക്കായി ഒരു ഉപരിപഠന- തൊഴിൽ സഹായി പ്രസിദ്ധീകരണം- (Higher education- Career guidance publication) തുടങ്ങാൻ തീരുമാനിച്ചു. അതിനായി നിഖില, വിവേക്, ആന്റോ, ദീപക്, അർജുൻ രാജ്, തുടങ്ങിയവരെ ചുമതലപ്പെടുത്തി.

വാർഷിക സമ്മേളനത്തിൽ എ.എസ്.കെ.ൽ അംഗങ്ങളെ ചേർക്കുന്നതിനും അംഗത്വ ഫീസായി 100 രൂപ ഈടാക്കാനും തീരുമാനിച്ചു.



അജ്ജാതി രക്തത്തിലുണ്ടോ?
അസ്ഥിമജ്ജ ഇതുകളിലുണ്ടോ?

ചണ്ഡാലിതൻമെയ് ദ്വിജന്റെ - ബീജ-
പിണ്ഡത്തിനൂഷരമാണോ?

പൂണ്ഡ്രമോ പുണ്ണൂനൂൽതാനോ-ശിഖാ-
ഷണ്ഡമോ ജന്മജമാണോ?

-കുമാരനാശാൻ

(ചണ്ഡാലഭിക്ഷുകി)

# ഞങ്ങളുടെ ആത്മാവു നശിപ്പിക്കാൻ നിങ്ങളെ അനുവദിക്കുകയില്ല...

## പ്രാദേശിക കലാകാരന്മാരുടെ / കലാകാരികളുടെ ചിത്രങ്ങളുടെ പ്രദർശനം

ഒരു ഗ്രാമത്തിലെ കുഞ്ഞുങ്ങളും മാതാപിതാക്കളും യുവതീയുവാക്കളും വരച്ച ചിത്രങ്ങൾ ഇന്ന് വളരെ പ്രധാനമാണ്. നാട്ടിൻപുറത്തെ ഭാഷയും ഓർമ്മകളും സൗന്ദര്യബോധവും മൂല്യബോധവും നശിപ്പിച്ചുകൊണ്ടാണ് മൂലധന ശക്തികൾ ഓരോ ഗ്രാമത്തിലും മായക്കാഴ്ചകളും പ്രലോഭനങ്ങളും നിറയ്ക്കുന്നത്. അങ്ങനെയാണ് നമ്മളറിയാതെ നമ്മളെ അവർ അവരുടെ അടിമകളാക്കുന്നത്. അതുകൊണ്ട് ഓരോ ഗ്രാമവും അതിന്റെ നന്മകൾ അഭിമാനത്തോടെയും നെഞ്ചുറപ്പോയും ഉയർത്തിപ്പിടിക്കുന്നു. ആഗോള കച്ചവടക്കാരേ നേരിടാൻ ഗ്രാമങ്ങൾ എടുക്കുന്ന (എടുക്കേണ്ട) പ്രതിജ്ഞ ഉറക്കെ ഏറ്റു പറയുവാനാണ് നാം ഇങ്ങനെയൊരു പ്രദർശനം ഒരുക്കുന്നത്. നിങ്ങൾ വെച്ചുനീട്ടുന്ന മനുഷ്യത്വമില്ലാത്ത സൗന്ദര്യബോധവും കൃത്രിമ പരിഷ്കാരവും കള്ളത്താവളവും ചൂഷണ ഈണവും വിഷവിഭവങ്ങളും ഞങ്ങൾക്കുവേണ്ട. ഞങ്ങളുടെ ഭാഷയും വരയും, താളവും ഈണവും, നന്മയും, ആചാരങ്ങളും, ആരാധനാക്രമങ്ങളും ഞങ്ങളുടെ ആത്മാവിന്റെ ഭാഗമാണ്. അത് ഞങ്ങൾ കാത്തുസൂക്ഷിക്കും. പ്രകൃതിയുമായുള്ള ഞങ്ങളുടെ ബന്ധം ഞങ്ങൾ കാത്തുസൂക്ഷിക്കും.

മനുഷ്യസഹോദര്യത്തെക്കുറിച്ചുള്ള ഞങ്ങളുടെ സ്വപ്നങ്ങളും ആശയങ്ങളും ഞങ്ങൾ കാത്തുസൂക്ഷിക്കും.

## അഭയൻ സ്മാരകകേന്ദ്രം
## പൊൻകുന്നം



ഹന്ത, വർഗ്ഗങ്ങൾ തിരിക്കും - പക -
ച്ചന്ത്യമായ് ലോകം മുടിക്കും

തന്നാശ്രിതരെയും ലോക-ത്തെയും
തിന്നും കറുത്തോരീത്തീയേ

ആരാധിക്കായ്‌വിൻ അസൂയാ-മഹാ
മാരിയെ-ജ്ജാതിയെ - ആരും!

ചൊല്ലുവൻ ജന്തുവെത്താഴ്ത്തും - ദോഷ-
മെല്ലാമിതിലടങ്ങുന്നു

ഈ രാക്ഷസിയെജ്ജയിച്ചാൽ - ഘോര
നാരകദ്വാരമടഞ്ഞു.

-കുമാരനാശാൻ
(ചണ്ഡാലഭിക്ഷുകി)

# മറ്റു പ്രവർത്തനങ്ങൾ

2015 നവംബർ 11 ന് പൊൻകുന്നം ജനകീയ വായന ശാലയിൽ നടന്ന സമ്മേളനത്തിൽ 'അഭയധാര (Streams) പ്രകാശനം ചെയ്തു. അഭയന്റെ സഹപാഠികളായ വിവേക് ഐപ്പ് കുരുവിളയും രോഹിത് വിജയനും ചേർന്ന് ASK കമ്മി റ്റിയംഗവും അഭയന്റെ സുഹൃത്തുമായ രാഹുൽ പ്രസാദിന് പുസ്തകം നൽകി പ്രകാശനകർമ്മം നിർവ്വഹിച്ചു. ശ്രീ. പി. എൻ. സോജൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ അഭ യന്റെ സുഹൃത്തുക്കളും ബന്ധുക്കളും പങ്കെടുത്തു.

അഭയന്റെ ജന്മദിനമായ നവംബർ 11-നും ചരമദിനമായ മെയ് 27-നും തൃശൂർ വിവേകാനന്ദ സേവാകേന്ദ്രത്തിൽ കുട്ടികൾക്ക് സഹായധനമായി 6000 രൂപ നൽകി. ഉഴവൂർ മദർ തേരേസ സ്പെഷ്യൽ സ്കൂളിന് 1000 രൂപയും ഒരു കുട്ടിക്ക് പഠനസഹ യമായി 25000 രൂപയും നൽകിയിട്ടുണ്ട്.

ഹൃദയത്തിന്റേ ഉള്ളറയിൽ ഒരു
ഗുൽമോഹർ ചെടി നടണം നീ
എന്നിൽ പൂത്ത് വിടർന്നതും
കൊഴിഞ്ഞതും ഒരു മെയ്യിലാണെന്ന്
മനസ്സിനെ ഓർമ്മപ്പെടുത്തുവാൻ

ഞാൻ ഒരു കവിയൊന്നും അല്ലാ ഇത്
അഭയന് വേണ്ടി സമർപ്പിക്കുന്നു.

-അജിലേഷ്



‘പുണ്യതയും പരിശുദ്ധിയും ഔദാര്യവും ലോകത്തിലെ ഒരു പള്ളിയുടെയും കുത്തകയല്ല. ഓരോ സമ്പ്രദായവും അത്യുൽകൃഷ്ട സ്വഭാവമുള്ള സ്ത്രീ പുരുഷന്മാരെ ജനിപ്പിച്ചിട്ടുണ്ട്. ഈ തെളിവിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വ്യക്തി സ്വന്തം മതത്തിന്റെ പരമമായ നിലനിൽപ്പും മറ്റു മതങ്ങളുടെ തകർച്ചയും സ്വപ്നം കാണുന്നുവെങ്കിലും സഹോദരാ എനിക്ക് നിങ്ങളോട് ഹൃദയപൂർവ്വം സഹതപിക്കുവാനേ കഴിയൂ. കാരണം, എതിർപ്പിനെ വകവയ്ക്കാതെ ഓരോ മതപതാകയിലും താമസം വിനാ എഴുതിച്ചേർക്കപ്പെടും ‘സഹായിക്കൂ, പൊരുതരുത്, സ്വാംശീകരിക്കു, സംഹാരമരുത്, രഞ്ജിപ്പും ശാന്തതയും കൈവരിക്കൂ, ഭിന്നിപ്പരുത്.’

–സ്വാമി വിവേകാനന്ദൻ



'എത്ര തന്നെ ഉന്നതകുലത്തിൽ ജനിച്ചാലും എന്ന് മാന്യത കൈമോശം വരുന്നുവോ, അപ്പോൾ മുതൽ അയാൾക്ക് ഉന്നതകുല ജാത ഗുണം നഷ്ടമാകുന്നു. ശ്ര134)

ജന്മനാ എല്ലാവരും തുല്യരാണ്. കർമ്മത്താലാണ് മൂല്യം നിർണ്ണയിക്കപ്പെടുന്നത്. (972)

'സ്വ' ജാതിയിലല്ലാതെ ഉൽകൃഷ്ട കർമ്മം ചെയ്യുന്നതിലാണ് ഒരാളുടെ മഹത്വം കുടികൊള്ളുന്നത്. (973)

-തിരുവള്ളുവർ



'സ്നേഹത്തിലധിഷ്ഠിതമല്ലാത്ത മതം യഥാർത്ഥ മതമല്ല. അത് മതനിന്ദയ്ക്ക് തുല്യമാണ്. (പാഷണ്ഡ മതമാണ്) ധ്യാനത്തോടുകൂടിയല്ലാത്ത യോഗാഭ്യാസം, പ്രായശ്ചിത്തം, ഉപവാസം ഉദാരത എന്നിവയും അർത്ഥശൂന്യമാണ്.

-കബീർദാസ്

# “നമുക്കു ജാതിയില്ല”

## ഒരു വിളംബരം

അദ്വൈതാശ്രമം,
ആലുവ
1091 ഇടവം 15

“നാം ജാതി മതഭേദം വിട്ടിട്ട് ഇപ്പോൾ ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ചില പ്രത്യേക വർഗ്ഗക്കാർ നമ്മെ അവരുടെ വർഗ്ഗത്തിൽപ്പെട്ടതായി വിചാരിച്ചും പ്രവർത്തിച്ചും വരുന്നതായും അതു ഹേതുവാൽ പലർക്കു നമ്മുടെ വാസ്തവത്തിനു വിരുദ്ധമായ ധാരണയ്ക്കിട വന്നിട്ടുണ്ടെന്നും അറിയുന്നു.

നാം പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ല. വിശേഷിച്ചും നമ്മുടെ ശിഷ്യവർഗ്ഗത്തിൽ നിന്നും മേൽപ്രകാരമുള്ളവരെ മാത്രമേ നമ്മുടെ പിൻഗാമിയായി വരത്തക്കവിധം ആലുവാ അദ്വൈതാശ്രമത്തിൽ ശിഷ്യസംഘത്തിൽ ചേർത്തിട്ടുള്ളു എന്നും മേലും ചേർക്കയുള്ളു എന്നും വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതുമാകുന്നു.

ഈ വസ്തുത പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധം ചെയ്തിരിക്കുന്നു.

എന്ന്
നാരായണഗുരു

---

പ്രബുദ്ധകേരളം, നമ്പർ-9, ബുക്ക് 1, ലക്കം1, 1091 മിഥുനമാസം



വേദങ്ങളോ ബൈബിളോ
ഖുറാനോ ഇല്ലാത്ത ഒരിടത്തേക്ക്
മനുഷ്യവംശത്തെ നയിക്കാനാണ്
നാം ആഗ്രഹിക്കുന്നത്.
എന്നാൽ വേദങ്ങളുടെയും ബൈബിളിന്റെയും
ഖുറാന്റെയും സംലയനത്തിലൂടെയാണ്
ഇത് സാധിക്കേണ്ടത്.
വിശ്വമതത്തിന്റെ ഏകതയുടെ,
അഭിവ്യഞ്ജനമാണ് ഓരോ മതവും എന്നും
ഓരോരുത്തർക്കും അവനവനുയോജിച്ച പാത സ്വീകരി
ക്കാമെന്നും മാനവരാശിയെ പഠിപ്പിക്കേണ്ടതുണ്ട്.

വിവേകാനന്ദ സ്വാമികൾ